# ബഥേൽപത്രിക

വാല്യം 6 മെയ് 1993 ലക്കം 5

ദൈവമേ
ഞാൻ നിന്നെ
ശരണം ആക്കി
യിരിക്കയാൽ
എന്നെ കാത്തു
കൊള്ളേണമേ
Psalm 16:1



ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

മെയ് 1993



**രക്ഷാധികാരി**

**നി. വ. ദി. ശ്രീ.**
**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. ററി. ജെ. മാത്യു (ചീഫ് എഡിററർ)

**സർക്കുലേഷൻ മാനേജർ**

എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം

മഹാനായ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ
—എം. എ. ജേക്കബ്

ക്വിസ്
—ജിബു ഫിലിപ്പ്

വീഴാതിരിക്കുവാൻ പ്രാർത്ഥിക്കുക (കവിത)
—ഗ്ലാഡിസ് പ്രിയ ജോൺ

ആത്മീയ നവോത്ഥാനം സഭയിൽ
—കമാണ്ടർ കെ. ജി. തോമസ്

വിമോചനം
—ഡീ. രാജൻ വർഗീസ്

ആചാരാനുഷ്ഠാനങ്ങൾ എന്തിന് ?
—ഫാ. മാത്യു വൈദ്യൻ

നിഖ്യാ വിശ്വാസ പ്രമാണം ഒരു അവലോകനം
—സജി വർഗീസ്

ഭദ്രാസന വാർത്തകൾ


## ഇടയലേഖനം

വാത്സല്യ മക്കളെ,

നമ്മുടെ സഭയ്ക്കും രാഷ്ട്രത്തിനും സാഹിത്യ ലോകത്തിനും വിസ്മരിക്കാനാവാത്ത സംഭാവനകൾ ചെയ്ത മഹാകവി പുത്തൻകാവ് മാത്തൻ തരകന്റെ ദേഹവിയോഗം ഏവർക്കും ഒരു തീരാനഷ്ടം തന്നെയാണ്.

സാഹിത്യം ഒരു കലയാണ്. കലകളെല്ലാം നിർമ്മാണാത്മകങ്ങളാണ്. ഇന്ദ്രിയങ്ങളിലുള്ളതും ഐന്ദ്രിയതലത്തിൽ പ്രസ്പുരിക്കുന്നതുമായ ആദ്ധ്യാത്മിക പ്രവചനത്തെയാണ് നാം സാഹിത്യമെന്നു വിളിക്കുന്നത്. ഒരു സാഹിത്യ ഗ്രന്ഥം കാവ്യ മീമാംസാനുശാസനങ്ങളും സാഹിത്യതത്വങ്ങളും അനുസരിച്ച് വിരചിതമാണെങ്കിൽ വിജയിച്ചുകഴിഞ്ഞു.

വി. വേദപുസ്തകം പ്രഥമവും പ്രധാനവുമായി ഒരു വേദഗ്രന്ഥമാണെങ്കിലും അത് ഒരു മികച്ച സാഹിത്യ ഗ്രന്ഥം കൂടിയാണ്. ബൈബിളിൽ നിന്നും പ്രചോദനമുൾക്കൊണ്ടു കൊണ്ട് എത്രയെത്ര സാഹിത്യകാരന്മാരാണ് സാഹിത്യ സൃഷ്ടി നടത്തിയിട്ടുള്ളത്. ബൈബിൾ ഒരു അക്ഷയ ഖനിയാണ്. ഒരിക്കലും വററാത്ത നീരുറവയാണ്. തേനിലും തേൻ കട്ടയിലും മാധുര്യമേറിയതുമാണ്.

ബൈബിളിലെ ചിലപുസ്തകങ്ങൾ ഒന്നുകിൽ പൂർണ്ണമായി അല്ലെങ്കിൽ ഭാഗികമായി പദ്യ രൂപത്തിലാണ് മൂലകൃതിയിൽ രചിച്ചിട്ടുള്ളത്. പഴയ നിയമത്തിലെ ഇയ്യോബിന്റെ പുസ്തകം പൂർണ്ണമായും പദ്യ രൂപത്തിലാണ് മൂലകൃതിയിൽ എഴുതിയിട്ടുള്ളത്. നിരപരാധിയുടെ കഷ്ടപ്പാട് എന്ന സങ്കീർണ്ണമായ പ്രശ്നം അപഗ്രഥിച്ച് പരിഹാരം കാണുവാനുള്ള ശ്രമമാണ് ഇയ്യോബിന്റെ പുസ്തകത്തിൽ കാണുന്നത്. യഹോവയുടെ വിശ്വസ്ത സേവകനായിരുന്ന ഇയ്യോബ് സമ്പത്തിലും സന്താനങ്ങളിലും അനുഗൃഹീതനായിരുന്നു. അദ്ദേഹത്തെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ അനുവദിക്കുന്നു. സമ്പത്തും സന്താനങ്ങളും നഷ്ടപ്പെട്ടപ്പോഴും ശരീരത്തിൽ വ്രണങ്ങൾ നിറഞ്ഞപ്പോഴും ദൈവത്തെ ശപിക്കുവാൻ ഭാര്യ പോലും ആവശ്യപ്പെടുമ്പോഴും ഇയ്യോബ് ദൈവഹിതത്തിന് കീഴ് വഴങ്ങുന്നു. തൽസമയം അദ്ദേഹത്തിന്റെ മൂന്നു സ്നേഹിതന്മാർ തേമാന്യനായ എലിഫാസ്, ഷൂഹ്യനായ ബിൽദാദ്, നാമാത്യനായ സോഫാർ-ഇയ്യോബിനെ ആശ്വസിപ്പിക്കാൻ എത്തി. ഇവരും ഇയ്യോബും തമ്മിലുള്ള സംഭാഷണം പദ്യ രൂപത്തിൽ നാടകീയമായി ആവിഷ്കരിച്ചിരിക്കുകയാണ് ഗ്രന്ഥത്തിന്റെ ഏറിയ ഭാഗവും. കൂടാതെ സങ്കീർത്തനം, സദൃശ്യവാക്യങ്ങൾ, ഉത്തമ ഗീതം, വിലാപ ഗീതം എന്നീ ഗ്രന്ഥങ്ങൾ പൂർണ്ണമായി മൂലകൃതിയിൽ പദ്യരൂപത്തിലാണ്. ബൈബിളിന് സാഹിത്യത്തോടും വിശിഷ്യാ പദ്യത്തോട് അഭേദ്യമായ ബന്ധമാണ് ഉള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ.

മലയാള ഭാഷയുടെ വളർച്ചയ്ക്കും വികാസത്തിനുമായി ക്രൈസ്തവ സാഹിത്യകാരന്മാർ വഹിച്ച പങ്ക് ആർക്കും അവഗണിക്കാനാവില്ല. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് വിവിധ വിദേശ രാജ്യങ്ങളിൽ നിന്നും വന്നു ചേർന്ന ക്രൈസ്തവ മിഷ്യനറിമാർ ഭാഷയുടെ ആധുനികവൽക്കരണത്തിനും വളർച്ചയ്ക്കും ചെയ്ത സംഭാവനകൾ അത്ഭുതാവഹമാണ്. അവരുടെ പ്രധാന ലക്ഷ്യം മതപ്രചാരണമായിരുന്നെങ്കിലും ആ ലക്ഷ്യത്തിന്റെ സാക്ഷാൽക്കരണത്തിനായി അവർ മലയാള ഭാഷ പഠിക്കുകയും വ്യാകരണ ഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ എന്നിവ എഴുതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പത്രപ്രവർത്തനത്തിനും അവർ ബീജാവാപം ചെയ്തു. ഹെർമ്മൻ ഗുണ്ടർട്ട്, ബെഞ്ചമിൻ ബയിലി, അർണ്ണോസ് പാതിരി എന്നിവരായിരുന്നു അവർ. മേല്പറഞ്ഞവ കൂടാതെ നിരവധി ഗദ്യപദ്യ ഗ്രന്ഥങ്ങളും, അവർ രചിച്ചിട്ടുണ്ട്. അർണ്ണോസ് പാതിരി എഴുതിയ ഒരു കവിതയിലെ രണ്ടു വരികൾ ശ്രദ്ധിക്കുക.

> സ്വർണ്ണം സുവർണ്ണം പങ്കത്തിലെങ്കിലും
> വർജ്ജ്യം പങ്കമപ്പൊന്നിലിരിക്കിലും.

പിന്നീടു സംഭവിച്ചത് കേരളത്തിലെ ക്രൈസ്തവ സാഹിതകാരന്മാരുടെ അരങ്ങേറ്റമായിരുന്നു. നിധിയിരിക്കൽ മാണിക്കത്തനാർ (1842-1904) മാണിക്കത്തനാരു(1878-1941) എന്നിവർ നസ്രാണി ദീപികയിലൂടെയും കണ്ടത്തിൽ വർഗീസ് മാപ്പിള (1858-1904) മലയാള മനോരമ, ഭാഷാപോഷിണി എന്നിവയിലൂടെയും സാഹിത്യ പ്രവർത്തനം ആരംഭിച്ചു. ഇരുവരും സാഹിത്യകാരന്മാരായിരുന്നതു കൂടാതെ അനേകം സാഹിത്യകാരന്മാരെ വളർത്തിക്കൊണ്ടുവരികയും ചെയ്തു. ഇവരുടെ ഈ ദൃശ്യപ്രവർത്തനങ്ങൾക്ക് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ഏ. ആർ. രാജരാജ വർമ്മ മുതലായവരുടെ നിർലോപമായ സഹായ സഹകരണങ്ങളും ലഭിച്ചിരുന്നു. ഭാഷയ്ക്കു പുതുജീവൻ പകരുവാനും പത്രപ്രവർത്തനത്തിന് ഒരു പുതിയ പാത ഒരുക്കുവാനും സാധിച്ചു. ഇന്നും രാഷ്ട്രീയമായി എതിരഭിപ്രായമുള്ളവർക്കു പോലും പ്രസ്തുത പത്രങ്ങൾ അനുപേക്ഷണീയങ്ങളാണ്.

സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ ക്രൈസ്തവ സാഹിത്യകാരന്മാർ അവരുടേതായ പങ്കു വഹിച്ചിട്ടുണ്ട്. കവിത, നോവൽ, ചെറുകഥ, നാടകം, നിരൂപണം, ഉപന്യാസം, ജീവചരിത്രം എന്നിവയിൽ മറ്റു മതസ്ഥരായ സാഹിത്യകാരന്മാർക്കൊപ്പമൊ അതിനുപരിയായൊ ഉള്ള പങ്ക് വഹിച്ചിട്ടുണ്ട്. പുത്തൻകാവ് മാത്തൻ തരകൻ, കട്ടക്കയം ചെറിയാൻ മാപ്പിള, സിസ്റ്റർ മേരി ബനീഞ്ഞാ, പ്രവിത്താനം ദേവസ്യാ, ഇടയാറന്മുള കെ. വി. സൈമൺ എന്നിവർ കവിതയിലൂടെയും പാറപ്പുറം, ബാബു ചെങ്ങന്നൂർ, കാനം ഇ. ജെ, മുട്ടത്തു വർക്കി, ചാലിൽ ജേക്കബ് എന്നിവർ നോവൽ, ചെറുകഥ എന്നിവയിലൂടെയും, പൊൻകുന്നം വർക്കി, സി. എൽ. ജോസ് നാടകത്തിലൂടെയും, ജോസഫ് മുണ്ടശേരി, ജോർജ് ഓണക്കൂർ, എം. തോമസ് മാത്യു



കെ. എം. തരകൻ, തുമ്പമൺ തോമസ്, എന്നിവർ നിരൂപണങ്ങളിലൂടെയും ഡോ. കെ. എം. ജോർജ്, സാമുവൽ ചന്ദനപ്പള്ളി എന്നിവർ ജീവചരിത്രങ്ങളിലൂടെയും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ഫാ. റ്റി. ജെ. ജോഷ്വാ, ഫാ. ജേക്കബ് കുര്യൻ എന്നിവർ വേദശാസ്ത്ര ഗ്രന്ഥങ്ങളിലൂടെയും ജോയൻ കുമരകം ബാലസാഹിത്യ ഗ്രന്ഥങ്ങളിലൂടെയും ചെയ്ത മഹത്തായ സേവനങ്ങൾ ആർക്ക് വിസ്മരിക്കാനാവും?

കഴിഞ്ഞ മാസം അന്തരിച്ച മഹാകവി പുത്തൻകാവ് മാത്തൻ തരകൻ പലതുകൊണ്ടും അദ്വിതീയനായ ഒരു വ്യക്തിയായിരുന്നു. നിസ്തുല്യനായ അദ്ധ്യാപകൻ, ഉജ്ജ്വല പ്രഭാഷകൻ, മഹത്വമേറിയ മഹാകവി, വിദ്യാസമ്പന്നനായ ഗദ്യസാഹിത്യകാരൻ, അസാമാന്യനായ സംഗീതജ്ഞൻ, അനുപമനായ അദ്ധ്യാനശീലൻ, നിരുപമനായ ആശ്രിത വത്സലൻ, മാതൃകായോഗ്യനായ അതിഥി സൽക്കാര പ്രിയൻ എന്നീ നിലകളിൽ അവിസ്മരണീയനായിരുന്ന ആ മഹൽ വ്യക്തിയുടെ വേർപാട് നമ്മുടെ സഭയ്ക്കു മാത്രമല്ല രാഷ്ട്രത്തിനും ഒരു തീരാ നഷ്ടമാണ്.

ദീപത്തിൽ നിന്നും കൊളുത്തിയ പന്തം പോലെ പ്രശോഭിക്കുന്ന പ്രൊഫ. കെ. എം. തരകൻ ഓർത്തഡോക്സ് സഭയുടെ വക്താവും അഭിമാനഭാജനവുമാണ്. പൗരസ്ത്യ പിതാക്കന്മാർ എന്ന ഒറ്റ കൃതിമതി പ്രൊഫ. സാമുവൽ ചന്ദനപ്പള്ളിയുടെ യശസ്സ് ആചന്ദ്രതാരം നിലനിൽക്കുവാൻ. ഇവരെപ്പോലെ നമ്മുടെ സഭാംഗങ്ങളായ അനേകം സാഹിത്യകാരന്മാർ വിവിധ സാഹിത്യ ശാഖകളിൽ ഇന്ന് പ്രശസ്ത സേവനം അനുഷ്ടിക്കുന്നുണ്ടെന്നുള്ളത് അഭിമാനാവഹമാണ്.

സാഹിത്യകാരന്മാർ സമൂഹത്തിന്റെ കാവൽ ഭടന്മാരും, പ്രവാചകന്മാരും, വഴികാട്ടികളും ഒക്കെയാണ്. അവർക്ക് അവരുടെ തൊഴിലിനോട് ഉത്തരവാദിത്വമുള്ളതുപോലെ തന്നെ സമൂഹത്തോടും ഉത്തരവാദിത്വം ഉണ്ട്. പടവാളിനേക്കാൾ മൂർച്ചയേറിയ തൂലികയും മണ്ണിനെ വിണ്ണാക്കുവാൻ പര്യാപ്തമായ കവിത്വ ശക്തിയും കൈമുതലായുള്ള സാഹിത്യകാരന്മാർ അവരുടെ കഴിവിനെ "ഭസ്മാസുരനു ലഭിച്ച വരം" പോലെ ദുർവിനിയോഗം ചെയ്യാൻ ശ്രമിക്കരുത്. നാനാജാതി മതസ്ഥരെ കോർത്തിണക്കുന്ന കണ്ണികളായി സാഹിത്യകാരന്മാർ മാറണം. സാഹിത്യകാരന്മാർക്ക് അവരോടു മാത്രമെ ഉത്തരവാദിത്വമുള്ളു എന്നാണ് ചിലരുടെ അഭിപ്രായം. അങ്ങനെയെങ്കിൽ കൃതികൾ മുദ്രണം ചെയ്തു പ്രസിദ്ധപ്പെടുത്തേണ്ടയാവശ്യമെ ഇല്ലല്ലൊ. സഭയുടെയും രാഷ്ട്രത്തിന്റെയും വളർച്ചയിലും പുരോഗതിയിലും ക്രൈസ്തവ സാഹിത്യകാരന്മാർക്ക് വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുവാനുള്ളത്.

വിവിധ തരത്തിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും ഒന്നിനു പിറകെ ഉണ്ടായിക്കൊണ്ടിരുന്നതിനാൽ സാഹിത്യകാരന്മാരെ വേണ്ട വിധത്തിൽ വളർത്തുവാനും

പ്രോത്സാഹിപ്പിക്കുവാനും നമ്മുടെ സഭയ്ക്ക് വലുതായിട്ടൊന്നും കഴിഞ്ഞിട്ടില്ല. അടുത്തകാലത്തായി സഭാംഗങ്ങളായ സാഹിത്യകാരന്മാർക്ക് ബഹുമതികളും പാരിതോഷികങ്ങളും മററും കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ''അണ്ണാൻ കുഞ്ഞും തന്നാലായത്'' എന്ന രീതിയിൽ നമ്മുടെ ബാല സമാജത്തിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും സാഹിത്യ വാസനയുള്ള ബാലസമാജാംഗങ്ങൾക്കു വേണ്ടി ഏതാനും ദിവസത്തെ സാഹിത്യ ശില്പശാല നടത്തുന്നു എന്നതും എടുത്തു പറയേണ്ടുന്ന ഒരു വസ്തുതയാണ്. പ്രൊഫ. കെ. എം. തരകൻ അതിന് നേതൃത്വം നൽകുന്നു എന്നത് ശില്പശാലയുടെ മാററ് വർദ്ധിപ്പിക്കുന്നു. നമ്മുടെ സഭ ഈ വഴിക്ക് ഇനിയും പലകാര്യങ്ങളും ചെയ്യേണ്ടിയിരിക്കുന്നു:

സാഹിത്യ സൃഷ്ടിക്കുള്ള പാടവം ദൈവദത്തമാണ്. അതു പരിശീലനം കൊണ്ട് പുഷ്ടിപ്പെടുത്തുക മാത്രമാണ് സാഹിത്യകാരന്മാർ ചെയ്യുന്നത്. സൃഷ്ടാവിനെയും സമൂഹത്തെയും വിസ്മരിച്ചുള്ള സാഹിത്യ പ്രവർത്തനം മൂലം സ്വന്തം പ്രതിഭയെ വികലമാക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ ദാനമായി നമുക്കു കിട്ടിയ താലന്ത് പത്തും അഞ്ചും താലന്തു കിട്ടിയവരെപ്പോലെ സ്വപരിശ്രമത്താൽ വർദ്ധിപ്പിക്കുവാനാണ് ശ്രമിക്കേണ്ടത്. ക്രൈസ്തവ സാഹിത്യകാരന്മാർ അപ്പോസ്തോലന്മാരുടെ അല്ലെങ്കിൽ പ്രവാചകന്മാരുടെ പ്രവൃത്തിയാണ് ചെയ്യുന്നത്. മഹാകവി മാത്തൻ തരകൻ സാഹിത്യകാരന്മാർക്കു ഒരുത്തമ മാതൃകയായിരുന്നു. ശ്രേഷ്ടമേറിയ ആ പ്രവർത്തനം ദൈവാശ്രയത്തോടും ത്യാഗ ബുദ്ധിയോടും കൂടി ചെയ്യുവാൻ ക്രൈസ്തവ സാഹിത്യകാരന്മാർക്ക് കഴിയുമാറാകട്ടെ.

കർത്താവിൽ നിങ്ങളുടെ
ബലഹീനനായ

തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്താ.

## ബാലസമാജം സാഹിത്യ ശില്പശാല

ചെങ്ങന്നൂർ: അഖില മലങ്കര ബാലസമാജം കേന്ദ്രകമ്മററിയുടെ ആഭിമുഖ്യത്തിൽ മെയ് 27 മുതൽ 29 വരെ ബഥേൽ അരമനയിൽ വച്ച് സാഹിത്യ ശില്പശാലനടത്തും. ഡോ. കെ. എം. തരകൻ ക്യാമ്പിന് മുഖ്യ നേതൃത്വം നൽകും. ശില്പശാലയോട് അനുബന്ധിച്ച് സഭയിലെ എഴുത്തുകാരുടെ പ്രത്യേക സമ്മേളനവും നടക്കും.

സാഹിത്യ ശില്പശാലയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒരു സാഹിത്യ സൃഷ്ടിസഹിതം മെയ് 20-ന് മുമ്പ് ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ബഥേൽ അരമന, ചെങ്ങന്നൂർ എന്ന വിലാസത്തിൽ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്.



# മഹാനായ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ

എം. എ. ജേക്കബ് പുത്തൻകാവ്

ജന്മസിദ്ധമായ വാസനയും നിരന്തരമായ കഠിനാദ്ധ്വാനവും കൈമുതലാക്കി എതിരെ വന്ന ജീവിത പ്രശ്നങ്ങളെ തൃണവൽഗണിച്ചുകൊണ്ട് പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചേർന്ന വ്യക്തികൾ വളരെ പരിമിതമാണ്. പ്രസ്തുത വ്യക്തികളുടെ ഇടയിൽത്തന്നെ വിവിധ മേഖലകളിൽ ഒരു പോലെ വിജയശ്രീലാളിതരാകുന്നവർ അംഗുലിപരിമിതമായിരിക്കും. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലമതിക്കാനാവാത്ത സംഭാവനകൾ പ്രദാനം ചെയ്ത മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ ഇതിനൊരുദാഹരണമാണ്. അതുപോലെതന്നെ പറയട്ടെ കഴിഞ്ഞ ഏപ്രിൽ മാസം 4-ാം തീയതി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ മഹാകവി പുത്തൻകാവ് മാത്തൻ തരകനും പ്രസ്തുത ശ്രേണിയിൽത്തന്നെയുള്ള മഹൽവ്യക്തിയാണ് എന്നുള്ളതിൽ സംശയത്തിനവകാശമില്ല.

ചെങ്ങന്നൂർ താലൂക്കിൽ പുത്തൻകാവിലുള്ള കിഴക്കേത്തലയ്ക്കൽ കുടുംബത്തിൽ ഈപ്പൻ മാത്തന്റെയും മറിയാമ്മയുടെയും പുത്രനായി 1903 സെപ്റ്റംബർ 6-ന് ജനിച്ചു. പുത്തൻകാവ് പ്രൈമറി സ്കൂളിലും ചെങ്ങന്നൂർ ഇംഗ്ലീഷ് ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മാത്തൻ തരകൻ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി മലയാളം വിദ്വാൻ, ഇൻറർമീഡിയററ്, ബി. ഒ. എൽ. എം. എ. എന്നീ ബിരുദങ്ങൾ നേടിയെടുത്തു. മാരാമൺ ഭാഷാ ഹൈസ്കൂൾ, ചങ്ങനാശ്ശേരി എം. പി. പോൾസ് കോളജ്, പാളയംകോട്ട് സെൻറ് ജോൺസ് കോളജ് എന്നിവിടങ്ങളിലെ പ്രശസ്തമായ സേവനത്തിനുശേഷം 1952-ൽ പത്തനംതിട്ട കാതോലിക്കേററ് കോളജിൽ പൗരസ്ത്യ ഭാഷാ വിഭാഗത്തിന്റെ അദ്ധ്യക്ഷനായി ചുമതലയേററെടുത്തു. പ്രസ്തുത സ്ഥാപനത്തിൽ പ്രൊഫസറായും പ്രിൻസിപ്പലായും റിട്ടയർ ചെയ്തതിനു ശേഷം യൂ.ജി.സി. പ്രൊഫെസറായും സേവനമനുഷ്ഠിച്ചു. ജോലിയിൽ നിന്നും വിരമിച്ചതിനു ശേഷവും വിവിധ മേഖലകളിൽ അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടേയിരുന്നു.

തിരുവല്ല കാവിലെ വീട്ടിൽ മറിയാമ്മയായിരുന്നു സഹധർമ്മിണി. കേരള സാഹിത്യ അക്കാഡമിയുടെ ചെയർമാനായ ഡോ. കെ. എം. തരകൻ, മണിപ്പാൽ മെഡിക്കൽ കോളജ് പ്രൊഫസർ ഡോ. കെ. എം. ജോസഫ് എന്നിവർ പുത്രന്മാരും.

വിവിധ മണ്ഡലങ്ങളിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചിരുന്നെങ്കിലും മാത്തൻ തരകൻ ഒരു കവിയും സാഹിത്യകാരനും എന്ന നിലയിലാണ് ചിരസ്മരണീയനായത്. ഇരുപതിൽച്ചില്വാനം കാവ്യകൃതികളും 7 ഗദ്യകൃതികളും രണ്ടു നാടകങ്ങളും അദ്ദേഹം രചി

ച്ചിട്ടുണ്ട്. അദ്ധ്യാപകൻ, സാമൂഹ്യ പരിഷ്കർത്താവ് പൊതുജനസേവകൻ, സാതന്ത്ര്യ സമരരംഗത്തെ മുന്നണിപ്പടയാളി, പ്രഭാഷകൻ, ഭാഷാസ്നേഹി എന്നീ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരവെ തന്നെ ഇത്രയും കൃതികളുടെ കർത്തൃത്വം വഹിക്കുവാൻ കഴിഞ്ഞത് ഒരു നേട്ടം തന്നെയാണ്.

അദ്ദേഹത്തിന്റെ കാവ്യകൃതികളിൽക്കാണുന്ന ഒരു പ്രധാന പ്രത്യേകത കാവ്യരചനാരീതികളിൽ അദ്ദേഹം കാട്ടിയ യാഥാസ്ഥിതികത്വമാണ്. സമകാലികരായ കവിശ്രേഷ്ഠന്മാർ വൃത്തം, അലങ്കാരം, പ്രാസം, രസം, എന്നിവയിൽ വിപ്ലവകരങ്ങളായ മാററം വരുത്തിയെങ്കിലും തുഞ്ചത്തു രാമാനുജനെഴുത്തച്ഛനെയാണ് തരകൻ പിന്തുടർന്നത്. കവിതയ്ക്കു വിഷയം വേണ്ട, വൃത്തം വേണ്ട, അലങ്കാരം വേണ്ട ഇപ്രകാരമുള്ള വളയമില്ലാത്ത ചാട്ടത്തിന് അനുകൂലിയായിരുന്നില്ല അദ്ദേഹം. സാഹിത്യം ക്രൈസ്തവർക്ക് ചേർന്നതല്ല എന്ന തെററായ ചിന്താഗതി നിലവിലിരുന്ന കാലഘട്ടത്തിൽ എണ്ണമററ പ്രതിബന്ധങ്ങളെ തരണം ചെയ്തു കൊണ്ട് പ്രസ്തുതമേഖലയിൽ ഉറച്ചു നിന്ന് അദ്ദേഹം പടപൊരുതി. മഹാകാവ്യത്തിന്റെ കാലം എന്നുമെന്നേക്കുമായി അവസാനിച്ചു എന്ന് ഭാഷാ സ്നേഹികൾ പോലും വിലപിച്ചിരുന്ന കാലഘട്ടത്തിൽ വിശ്വദീപം എന്ന് അന്വർത്ഥമായ പേരിൽ അദ്ദേഹം മഹാകാവ്യം എഴുതി സ്വന്തമായി പ്രസ്സ് സ്ഥാപിച്ച് പ്രസിദ്ധപ്പെടുത്തി. ഇതൊക്കെയായിരുന്നു അദ്ദേഹം കാട്ടിയ ധീരസാഹസിക നടപടികൾ.

അദ്ദേഹത്തിന്റെ മാസ്ററർപീസ് കൃതി വിശ്വദീപം മഹാകാവ്യമാണെന്ന വസ്തുത നിസ്തർക്കമാണ്. സ്വതവെ തന്നെ പരിശ്രമശീലനായിരുന്നഅദ്ദേഹത്തിന്റെ അനേകവർഷക്കാലത്തെ അക്ഷീണയത്നത്തിന്റെ സാഫല്യമത്രെ വിശ്വദീപം മഹാകാവ്യം. പൈങ്കിളിപ്പാട്ടുകൾക്ക് പ്രചുര പ്രചാരം കിട്ടുന്ന ഇക്കാലത്ത് വിശ്വദീപം പോലുള്ള മഹാകാവ്യം എഴുതി പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹം കാട്ടിയ ചങ്കൂററം അനിതരസാധാരണമാണ്. വലിപ്പംകൊണ്ട് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കഴിഞ്ഞ് രണ്ടാം സ്ഥാനം എന്നാൽ ലോക ക്രൈസ്തവ മഹാകാവ്യങ്ങളിൽ പ്രഥമസ്ഥാനം ഇപ്രകാരമുള്ള വിശ്വദീപം മഹാകാവ്യം വിവിധ കാരണങ്ങളാൽ അദ്വിതീയമാണ്. ഒരു മഹാകാവ്യത്തിന്റെ എല്ലാ വൈശിഷ്ട്യങ്ങളും ഉൾക്കൊള്ളുന്ന ഒരു കൃതിയാണിത് ദ്രാവിഡ വൃത്തങ്ങളിൽ വിരചിതമായ ഈ മഹാകാവ്യം എഴുത്തച്ഛന്റെയും പെറുശേരിയുടെയും കാവ്യങ്ങൾക്കുള്ള പ്രത്യേകതകൾ ഉൾക്കൊള്ളുന്നവയാണ്.

ചെങ്ങന്നൂർ ഹൈസ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന കാലം മുതൽ സമാരംഭിച്ച കാവ്യസപര്യ മരിക്കുന്ന നിമിഷം വരെയും തുടർന്നുപോന്നു എന്നത് അത്ഭുതാവഹമത്രെ. എണ്ണിയാലൊടുങ്ങാത്ത സാഹിത്യകൃതികൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും പുറത്തു വന്നു. കാവ്യലോകത്തിലെ ഒരത്ഭുത പ്രതിഭാസമായിരുന്നു മാത്തൻ തരകൻ.



അദ്ദേഹത്തിൽ ദർശിക്കുവാൻ കഴിയുന്ന മറെറാരു സവിശേഷത വിശാല ഹൃദയത്വമാണ്. ക്രൈസ്തവ സഭാ വിശ്വാസിയായിരുന്ന അദ്ദേഹം താനുൾപ്പെട്ടിരുന്ന ഓർത്തഡോക്സ് സഭയുടെ നിസ്തുല്യമായ വിശ്വാസത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്നു. അതുപോലെ തന്നെ തന്റെ ഇടവകയെയും ജന്മനാടിനെയും ജീവനുതുല്യം സ്നേഹിച്ചിരുന്നു. എന്നാൽ അതോടൊപ്പം തന്നെ സർവ്വസമുദായങ്ങളെയും ആപാദചൂഡം അദ്ദേഹം സ്നേഹിച്ചിരുന്നു.

ദേശവാസികളോടും ബന്ധുജനങ്ങളോടും അദ്ദേഹം കാട്ടിയിരുന്ന സ്നേഹവാത്സല്യം അത്ഭുതാവഹമായിരുന്നു, അതിൽ അദ്ദേഹത്തിന് കുബേരകുചേല വ്യത്യാസം ഇല്ലായിരുന്നു. അദ്ദേഹം കാട്ടിയിരുന്ന ഊഷ്മളമായ സ്നേഹ പ്രകടനങ്ങൾ അവിസ്മരണീയങ്ങളായിരുന്നു, അദ്ദേഹം ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിലെ സഹപ്രവർത്തകരും വിദ്യാർത്ഥിനീ വിദ്യാർത്ഥികളും അദ്ദേഹത്തെ എത്രമാത്രം ബഹുമാനപൂർവ്വമാണ് കരുതുന്നതെന്ന് വിവരിക്കുവാൻ തന്നെ പ്രയാസം. അദ്ദേഹത്തിന് ഇത്രമാത്രം സ്നേഹാദരവുകൾ ലഭിക്കുവാനുള്ള മുഖ്യമായ കാരണം അദ്ദേഹത്തിന്റെ പെരുമാററം ആയിരുന്നു.

സ്വാതന്ത്ര്യ സമരത്തിൽ നാനാവിധത്തിൽ പങ്കെടുത്ത അദ്ദേഹം കറയററ കോൺഗ്രസനുഭാവി ആയിരുന്നു. 1969 മുതൽ കോൺഗ്രസിന്റെ രൂപഭാവങ്ങളിൽ വന്ന മാററം മറിച്ചിലുകൾ ആ മനുഷ്യസ്നേഹി കാര്യമാക്കിയതെയില്ല. ഖദർ വസ്ത്രങ്ങൾ സ്ഥിരമായണിയുക മാത്രമല്ല മനോവാക്കർമ്മങ്ങളിൽ അദ്ദേഹം തികഞ്ഞ കോൺഗ്രസുകാരനായിരുന്നു.

ഓർത്തഡോക്സ് സഭാ വിശ്വാസിയായിരുന്നു എങ്കിലും സഭയുടെ കാതലായ വിശ്വാസ സത്യങ്ങൾക്ക് കോട്ടം തട്ടാതെ ഇതര സഭകളുമായും മതങ്ങളുമായും സൗഹൃദബന്ധം പുലർത്തിയിരുന്നു. ഇന്നത്തെ ജനതയ്ക്ക് ഈക്കാര്യത്തിൽ തികച്ചും അദ്ദേഹം മാതൃകയായിരുന്നു. ഓർത്തഡോക്സ് സഭയിൽ അടിയുറച്ചു വിശ്വസിക്കുക മാത്രമല്ല സ്വന്തം ഇടവകയായ പുത്തൻകാവ് സെൻറ് മേരീസ് കത്തീഡ്രലിനോടുള്ള ബന്ധം ആജീവനാന്തം ''കണ്ണിലെ കൃഷ്ണമണി'' പോലെ കാത്തു സൂക്ഷിക്കുകയും ചെയ്തിരുന്നു.

അക്ഷരാർത്ഥത്തിൽത്തന്നെ മാത്തൻ തരകന്റെ നിര്യാണം പുത്തൻകാവിന് തീരാനഷ്ടമാണ്, പുത്തൻകാവ് എന്ന വാക്ക് ഉച്ചരിക്കുമ്പോൾ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെയും പുത്തൻകാവ് മാത്തൻ തരകന്റെയും പേരുകളാണ് ഏതൊരു മലയാളിയുടെയും മനസിൽ ഓടിയെത്തുന്നത്. കൊച്ചുതിരുമേനി വളരെ നേരത്തെ തന്നെ ഈ ലോകത്തോടു യാത്ര പറഞ്ഞു. അവിടുത്തെ ബാല്യകാല സുഹൃത്തായിരുന്ന മാത്തൻ തരകനും നമ്മെ പരിഞ്ഞു. പുത്തൻകാവിന്ന് അനാഥമാണ്. ഇനിയെന്നാണൊരു മഹാരഥൻ ഈ മണ്ണിൽ പിറക്കുന്നത്.

തുഞ്ചത്താചാര്യനെപ്പോലെ പരമസാത്വികനായ മഹാകവി, മാതൃകാദ്ധ്യാപകൻ, അശ്രാന്തപരി

ശ്രമം ജീവിതവ്രതമാക്കിയ സാഹിത്യകാരൻ, കലാ മനുഷ്യന്റെ ധാർമ്മികോന്നമനത്തിനായി എന്ന് ഉറപ്പായി വിശ്വസിച്ചിരുന്ന സാഹിത്യ പ്രവർത്തകൻ, സദസിന്റെ മനശാസ്ത്രം അറിഞ്ഞ് പ്രസംഗിച്ചിരുന്ന ഉജ്ജ്വല പ്രഭാഷകൻ, കുടുംബത്തെയും, ഇടവകയെയും, സഭയെയും രാജ്യത്തെയും ജീവനു തുല്യം സ്നേഹിച്ചിരുന്ന മനുഷ്യസ്നേഹി, സമൂഹത്തിന്റെ ഗതിവിഗതികൾ ചിന്തിക്കാതെ തനിക്കു ശരിയെന്ന് തോന്നിയ പാതയിലൂടെ മുമ്പോട്ടുപോയ ഒറ്റയാൻ ഇവയെല്ലാമായിരുന്നു മാത്തൻ തരകൻ. അദ്ദേഹത്തിന്റെ സാഹിത്യ സൃഷ്ടികളുടെ മൂല്യത്തെക്കുറിച്ച് വിപരീതാഭിപ്രായം ഉള്ളവർക്കു പോലും മാത്തൻ തരകനെന്ന ഭാഷാദ്ധ്യാപകന്റെ മഹത്വത്തെക്കുറിച്ചും മഹിമയെക്കുറിച്ചും സംശയമില്ല.

ക്രൈസ്തവ സഭ പൊതുവായി കലാകാരന്മാരെയും സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ വിമുഖതയാണ് കാട്ടുന്നത്. ഓർത്തഡോക്സ് സഭ പ്രത്യേകിച്ചും. വളരാൻ വെമ്പുന്നവരെയും വളർന്നു വരുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിൽ നാം അക്ഷന്തവ്യമായ അപരാധമാണ് ഇന്നും കാട്ടുന്നത്. പടവാളിനേക്കാൾ കരുത്തുള്ള തൂലികയേന്തുന്ന സാഹിത്യകാരന് മറ്റു പലരേക്കാളും കൂടുതൽ ജനങ്ങളെ സ്വാധീനിക്കുവാൻ കഴിയും. ഈ യാഥാർത്ഥ്യം രാഷ്ട്ര നേതാക്കളും സഭാനേതാക്കളും ഇന്നും മനസ്സിലാക്കുന്നില്ല എന്നു കാണുന്നത് ദുഃഖജനകം തന്നെ.

ജന്മസിദ്ധമായി ലഭിച്ച സാഹിത്യ വാസനയെ കഠിന പ്രയത്നത്തിലൂടെ പരിപോഷിപ്പിച്ച് സഭയ്ക്കും രാഷ്ട്രത്തിനും വിലമതിക്കാനാവാത്ത സേവനം നിർവ്വഹിച്ച മഹാനായ മഹാകവി മാത്തൻ തരകന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു.

★

## ക്വിസ്

**ജിബു ഫിലിപ്പ്—മംഗലം**

1 പഴയ നിയമം ആദ്യം എഴുതിയ ഭാഷ
2 ന്യായാധിപനും, പുരോഹിതനും പ്രവാചകനുമായ വ്യക്തി ആര്?
3 ''ചുമടു താങ്ങുന്ന പ്രവാചകൻ'' ആര്?
4 ന്യായപ്രമാണം എഴുതിയ കല്ല് സ്ഥാപിച്ച മല
5 ഒരു നേർച്ചയുടെ ഫലമായി സ്വന്തം മകളെ കൊലചെയ്യേണ്ടിവന്ന ന്യായാധിപൻ
6 ജീവിച്ചിരുന്നപ്പോൾ കൊന്നതിനെക്കാൾ അധികം പേരെ മരണ സമയത്ത് കൊന്ന ന്യായാധിപൻ
7 ഏറ്റവും നീളം കൂടിയ 'പഴയനിയമ' പേര്
8 ഏഴാമത്തെ വയസ്സിൽ രാജാവായിത്തീർന്ന മനുഷ്യൻ
9 'ശലോമോൻ' എന്ന വാക്കിന്റെ അർത്ഥം.
10 ഒറ്റ അദ്ധ്യായം മാത്രമുള്ള പഴയ നിയമ പുസ്തകം ?



## ക്വിസ് ഉത്തരങ്ങൾ

1 എബ്രായ ഭാഷ 2 ശമുവേൽ 3 ആമോസ്
4 ഏബാൽ (ആവ. 27:4) 5 യിഫ്താഹ് (ന്യായം. 11:39)
6 ശിംശോൻ (ന്യായം. 16;30)
7 മഹേർ-ശാലാൽ-ഹാശ്-ബസ് (യെശയ്യാവ് 8:1)
8 യെഹോവാശ് (2 രാജാ. 11:21)
9 സമാധാനമുള്ളവൻ 10 ഓബദ്യാവ്

# വീഴാതിരിക്കാൻ പ്രാർത്ഥിക്കുക

(കവിത)

**ഗ്ലാഡീസ് പ്രിയ ജോൺ മെഴുവേലി**

ജീവിതത്തിന്റെ താളലയഭംഗി-
യാവതും വിധമാസ്വദിച്ചീടുക
കർമ്മത്തിന്റെ പരിശുദ്ധ ഹസ്തത്തിൽ
കന്മഷക്കറ വീഴാതെ നോക്കണം.
ഉണ്ണിയെ നിന്റെയുണ്മയും, വെണ്മയും
തമ്പുരാൻ തന്ന ദാനസമ്പാദ്യങ്ങൾ
ആയവയ്ക്കു പുകളാകുവാനുണ്ണി നീ
സ്വച്ഛപാതയിൽ കാലുകൾ വയ്ക്കുക.
അച്ഛനും പിന്നെല്ലാരുമാശയാൽ
വിശ്വസിച്ചതിൽ ജീവനെ കണ്ടിട്ട്
നശ്വരത്തിലണഞ്ഞു നീ പോകാതെ
ശാശ്വതത്തിനായ് കണ്ണുതുറക്കുക.
കാലം വേഗം കടന്നങ്ങുപോകുന്നു
കോലം നല്ലപോലാക്കുക നീയിപ്പോൾ
കാലൻ കോലത്തിലാടിയാൽ നീയന്ന്
കാലക്കേടിലേക്കെത്തുമെന്നോർക്കുക.
ചങ്കുപൊട്ടിത്തകരാതിരിക്കുവാൻ
ചങ്കിനു കൈകൾ വച്ചു നീ പ്രാർത്ഥിക്കു
ചങ്കുരുകി നീ കണ്ണുനീരർപ്പിച്ചാൽ
തമ്പുരാൻ നിന്നെ കാത്തിടും നിത്യമായ്.
ഒന്നുകൂടിപറയട്ടെ നിങ്ങളീ
വെന്തുരുകുന്ന മാനസം മാറ്റുക
പിമ്പാരിക്കൊണ്ട ജീവിതം വിട്ടു നീ
ശാന്തമായി മിഴിയടച്ചർത്ഥിക്കൂ!

★

# ആത്മീയ നവോത്ഥാനം സഭയിൽ

കമാണ്ടർ കെ. ജി. തോമസ് (റിട്ട)

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണത്തിനു ശേഷം 1991 ജൂലൈ മാസത്തിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നമ്മുടെ സഭയിൽ ആത്മീയ നവോത്ഥാനം കൈവരുത്തുന്നതിനു വേണ്ട ചില പരിപാടികൾക്ക് രൂപം കൊടുക്കുകയുണ്ടായി.

നമ്മുടെ സഭ ലോകസഭകളിൽ ഉന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്നു എന്നതിൽ നമുക്കേവർക്കും അഭിമാനിക്കാവുന്നതാണ്. ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായാൽ ക്രിസ്താബ്ദത്തിന്റെ ആരംഭത്തിൽ സ്ഥാപിതമായ സഭ ശ്ലൈഹികവും കുററമില്ലാത്തതുമായ ഏക വിശ്വാസം അഭംഗുരം പാലിക്കുന്ന സഭ, പുരാതനവും പരിപാവനവുമായ ആചാരങ്ങളും മഹത്തായ പാരമ്പര്യങ്ങളും കാത്തു സൂക്ഷിക്കുന്ന സഭ, അതിശ്രേഷ്ടമായ ആരാധനാ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സഭ, ഇതിനെല്ലാം ഒരു ഉത്തരമെ ഉള്ളു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മാത്രം. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ആത്മീയ പാപ്പരത്തം ബാധിച്ച സഭയും ഇതു തന്നെയാകുന്നു.

ആത്മീയ വളർച്ചയിൽ പ്രാണവായുവിനുതുല്യമാണ് നമ്മുടെ ആരാധന. പക്ഷെ സഭാംഗങ്ങളിൽ എത്രപേർ അതിൽ ക്രമമായി സംബന്ധിക്കുന്നുണ്ട്? സംബന്ധിക്കുന്നവർ തന്നെ ആത്മാർത്ഥതയോടെ അതിൽ പങ്കു ചേർന്ന് സ്വർഗ്ഗീയാനുഭൂതി അനുഭവ വേദ്യമാക്കുന്നുണ്ടോ? നമ്മുടെ സമൂഹത്തിൽ കുടുംബാരാധന ഇന്ന് അവഗണിക്കപ്പെട്ടിരിക്കുകയല്ലെ? കുടുംബാംഗങ്ങൾ ഒന്നു ചേർന്ന് തിരുവ്ചനത്തിൽ നിന്നും വായിക്കുകയും ആത്മീയ കീർത്തനങ്ങൾ ആലപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന അനുഭവം നമ്മുടെ ജനങ്ങളിലെത്രപേർക്കുണ്ട്? ഇടവകാംഗങ്ങളിൽ വിശ്വാസ സ്ഥിരതയും സഹോദര്യവും ആത്മീയ ബന്ധവും നിലനിർത്തുന്നതിനുള്ള ഉപാധിയായ പ്രാർത്ഥനായോഗങ്ങളും മർത്ത മറിയം സമാജങ്ങളും വേണ്ടത്ര ആത്മീയ പ്രബുദ്ധത പകർന്നു കൊടുക്കുവാൻ പര്യാപ്തങ്ങളാണോ? ആരാധനാ പഠനം, സേവനം എന്ന മുദ്രാവാക്യം ആദർശമായി സ്വീകരിച്ചിട്ടുള്ള യുവജന പ്രസ്ഥാനം ഇടവകയുടെ ആത്മീയ വളർച്ചയിൽ എത്രകണ്ട് മുന്നിട്ടു നിന്നു പ്രവർത്തിക്കുന്നുണ്ട്? സഭയുടെ നഴ്സറിയായ സണ്ടേസ്കൂൾ പ്രസ്ഥാനം വ്യാപകമാണെങ്കിലും എത്രയൊ കുട്ടികൾ അതിന്റെ പ്രയോജനം സ്വായത്തമാക്കാതെ ദൈവത്തിൽ നിന്നും അന്യപ്പെട്ടു പോകുന്നു!

സഭയുടെ നിലയും കെട്ടുപാടും ശ്രേഷ്ടവും മഹത്തരവുമാണെങ്കിലും നമ്മുടെ കുറവുകളും പാളിച്ചകളും തിരുത്തി നാം ആത്മീയ വളർച്ചയിൽ മുന്നേറേണ്ടിയിരിക്കുന്നു. ഈ വക കാരണങ്ങളാലാണ് ആത്മീയ നവോത്ഥാനം ഇട



വകതലത്തിലും ഭദ്രാസനതലത്തിലും പ്രാവർത്തികമാക്കുന്നതിനെപ്പററി പ. സുന്നഹദോസ് ചിന്തിച്ചത്.

ഇതു സംബന്ധിച്ച് പ. സുന്നഹദോസ് നൽകിയ ചില നിർദ്ദേശങ്ങളിൽ ഏതാനും ചിലത് താഴെക്കുറിക്കുന്നു.

എല്ലാ ഭവനങ്ങളിലും വി. വേദപുസ്തകവും കുടുംബാരാധനാക്രമത്തിന്റെ കോപ്പികളും നിർബ്ബന്ധമായും ഉണ്ടായിരിക്കണം.

വേദപുസ്തകം ഒരദ്ധ്യായമെങ്കിലും എല്ലാ ദിവസവും വായിച്ച് കുടുംബമായി ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്ന പതിവുണ്ടാകണം.

ഓരോ ഇടവകയിലും പ്രത്യേകിച്ച് ശനിയാഴ്ചയെങ്കിലും കഴിയുന്നത്ര ഇടവകാംഗങ്ങളെ സംബന്ധിപ്പിച്ചു കൊണ്ടുള്ള യാമ പ്രാർത്ഥനകൾ നടത്തണം.

ആത്മീയ സംഘടനാ പ്രവർത്തകരടങ്ങിയ ഗ്രൂപ്പുകൾ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കണം.

മദ്യപന്മാർ, മാനസിക സംഘർഷം അനുഭവിക്കുന്നവർ മുതലായവരുമായി ഇടപെട്ട് അവരെ ആത്മീയമായി സ്വാധീനിക്കണം.

പ്രാർത്ഥനാ യോഗങ്ങളും മർത്ത മറിയം സമാജങ്ങളും വിശ്വാസ പഠനത്തിനുള്ള വേദികളായി മാറണം.

ദിവ്യബോധനം ഗ്രന്ഥാവലി തുടങ്ങിയ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥശാലകൾ ഓരോ ഇടവകയിലും ഉണ്ടാകണം.

വി. കുർബ്ബാനയിൽ എല്ലാ വിശ്വാസികളും ആദ്യന്തം ഭക്തി പൂർവ്വം സംബന്ധിക്കുകയും എല്ലാവരും വി. കുർബ്ബാന അനുഭവിക്കുകയും വേണം. വി. കുർബ്ബാനയിൽ ആദ്യവസാനം സംബന്ധിക്കാത്തവർക്ക് ഹൂസോയോ കൊടുക്കുകയൊ വി. കുർബ്ബാന നൽകുകയൊ ചെയ്യരുത്.

പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആദ്യമായി മുൻകൈയ്യെടുത്തത് ചെങ്ങന്നൂർ ഭദ്രാസനമാണെന്നതിൽ നമുക്ക് അഭിമാനിക്കാം. ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഇതിനുള്ള ആദ്യ പടിയായി വൈദികരും അവൈദികരും ഉൾക്കൊള്ളുന്ന സുശക്തമായ ഒരു ആഭ്യന്തര സുവിശേഷ സംഘത്തിന് രൂപം കൊടുത്തു. അവരുടെ സേവനം ഇടവകതലത്തിൽ ഉപയുക്തമാക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു.

ആദ്ധ്യാത്മിക പ്രവർത്തന മണ്ഡലം കൂടുതൽ ഊർജ്ജസ്വലമാക്കുക, ആത്മീയ ഭവനങ്ങൾ സന്ദർശിച്ച് സഭാംഗങ്ങളെ ആത്മീയമായി ശക്തീകരിക്കുക, രോഗത്തിലും ദുരിതത്തിലും കഴിയുന്നവർക്ക് ആശ്വാസം പകരുക ഇതര സഭാ വിശ്വാസങ്ങളുമായി ബന്ധപ്പെട്ടു കഴിയുന്ന സഭാംഗങ്ങളെ സത്യ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുക മുതലായവയാണ് ഈ സംഘം കൊണ്ട് ഇടവക മെത്രാപ്പോലീത്താ തിരുമേനി ഉദ്ദേശിക്കുന്നത്.

മേൽപറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനായിട്ട് ചെങ്ങന്നൂർ ഭദ്രാസനത്തിൽ പ്രവർ

ത്തിക്കുന്ന ആത്മീയ സംഘടനകളുടെ ഭാരവാഹികൾ ചേർന്ന് ഒരു ഗ്രൂപ്പായി മാസം തോറും ആഭ്യന്തര സുവിശേഷ സംഘം സെക്രട്ടറിയുടെ നേതൃത്വത്തിൽ നിർദ്ദിഷ്ട പള്ളികൾ സന്ദർശിക്കുകയും അവിടുത്തെ ഇടവക കൗൺസിലുമായി ബന്ധപ്പെട്ട് സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജസ്വലപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. അതുപോലെ തന്നെ ഡിസ്ട്രിക്റ്റ് തലത്തിലും ആദ്ധ്യാത്മിക സംഘടനകളുടെ ഡിസ്ട്രിക്റ്റ് ഭാരവാഹികളും സന്നദ്ധ സുവിശേഷ സംഘാംഗങ്ങളും ചേർന്ന് പ്രാർത്ഥനാ യോഗം സെക്രട്ടറിയുടെ നേതൃത്വത്തിൽ നിശ്ചിത പള്ളികൾ സന്ദർശിച്ച് ആത്മീയ സംഘടനകൾ ശക്തിപ്പെടുത്തുകയും ആത്മീയ പ്രബോധനങ്ങൾ നൽകുകയും ചെയ്യുന്നു.

ഇവയ്ക്കു പുറമെ സഭാംഗങ്ങളുടെ ആത്മീയ വർദ്ധന ലക്ഷ്യമാക്കി എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ പ്രധാനപ്പെട്ട ഇടവകകളിൽ കേന്ദ്രീകരിച്ച് ആഭ്യന്തര സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ധ്യാനയോഗങ്ങളും മദ്ധ്യസ്ഥ പ്രാർത്ഥനകളും നടത്തി വരുന്നു.

ഇതു കൂടാതെ ചെങ്ങന്നൂർ ഭദ്രാസനത്തിൽ പ്രവർത്തിക്കുന്ന എല്ലാ ആദ്ധ്യാത്മിക സംഘടനകളും ഭദ്രാസനതലത്തിലും ഡിസ്ട്രിക്റ്റ് തലത്തിലും മുൻകൂർ നിശ്ചയിച്ചിട്ടുള്ള ഒരു വാർഷിക പദ്ധതിയനുസരിച്ച് വാർഷിക സമ്മേളനങ്ങൾ, അർദ്ധവാർഷികയോഗങ്ങൾ, പരിശീലന ക്യാമ്പുകൾ, മത്സരങ്ങൾ മുതലായവ ക്രമീകരിച്ച് നടത്തി വരുന്നു. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിദ്ധ്യവും സഹകരണവും ഈ പരിപാടികൾക്ക് പ്രചോദനം അരുളുന്നു എന്ന വസ്തുതയും ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

മേൽപ്രസ്താവിച്ച പ്രവർത്തന പരിപാടികൾക്കു പുറമെ ഭദ്രാസനത്തിലെ ആഭ്യന്തര സുവിശേഷ സംഘം ഒത്തു ചേർന്ന് മാസത്തിലൊരിക്കൽ ഒരിടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് ഇടവകാംഗങ്ങളുമായി നേരിട്ടു ബന്ധം പുലർത്തി അവരെ ആത്മീയമായി പ്രബുദ്ധരാക്കുവാനും ഇടവക തലത്തിലുള്ള അവരുടെ പ്രവർത്തനങ്ങൾക്ക് കഴിയും വിധമുള്ള പ്രോത്സാഹനം നൽകുന്നതിനും ശ്രമിക്കുന്നു. ഈ നൂതന പരിപാടി സമാരംഭിച്ചത് കഴിഞ്ഞ മെയ് മാസത്തിൽ പുത്തൻകാവ് ഡിസ്ട്രിക്റ്റിൽ ഉൾപ്പെടുന്ന കൂർത്തമല ഇടവകയിലായിരുന്നു.

ഒരു പരീക്ഷണം എന്ന നിലയിൽ ആരംഭിച്ച ഈ പരിപാടി നമ്മുടെ ജനങ്ങളിൽ ആത്മീയ പ്രബുദ്ധത കൈവരുത്തുവാൻ സഹായകമായി എന്നതിൽ സന്ദേഹമില്ല. പ്രതിഫലേച്ഛ ലേശമില്ലാതെ സ്വന്തം സമയവും പണവും ചെലവഴിച്ച് ഇടവകകൾ സന്ദർശിച്ച് വെയിലും മഴയും കൂസാതെ കല്ലും മുള്ളും ചവുട്ടി ഭവനങ്ങൾ തോറും കയറിയിറങ്ങി തങ്ങളുടെ ഭദ്രാസനത്തിൽ ആത്മീയ നവോത്ഥാനം കൈവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള ചെങ്ങന്നൂർ ഭദ്രാസനം ആഭ്യന്തര സുവിശേഷ സംഘത്തിന്റെ പ്രവർത്തന പരിപാടികൾ തികച്ചും ശ്ലാഘനീയമത്രെ.

★



# വിമോചനം

**ഡീക്കൻ രാജൻ വറുഗീസ് ആലാ**

''ഏഴേഴ് ആണ്ട് കൂടുമ്പോൾ നീ ഒരു വിമോചനം ആചരിക്കണം.''
(ആവർത്തനം 15:1)

വിമോചനത്തിന്റെ ക്രമം കൂട്ടുകാരന് വായ്പ കൊടുത്തവനെല്ലാം അത് ഇളച്ചു കൊടുക്കണം. നീ കൂട്ടുകാരനെയൊ സഹോദരനെയൊ ബുദ്ധിമുട്ടിക്കരുത്. ദരിദ്രൻ നിങ്ങളുടെ ഇടയിൽ ഉണ്ടാകയില്ലതാനും. ഇതാണ് യഹോവയുടെ വിമോചനം. ഒരു ആഗോള വിമോചനം ഒരു ആഗോള വിമോചനത്തിന്റെ ധ്വനിയാണ് ഇവിടെ കേൾക്കുവാൻ കഴിയുന്നത്. ഏഴേഴ് ആണ്ടു കൂടുമ്പോൾ ഒരു വിമോചനം യഹോവ ആഗ്രഹിക്കുന്നു. ലേവ്യ പുസ്തകം 25-ാം അദ്ധ്യായത്തിൽ ദേശം യഹോവയ്ക്ക് ശാബത്ത് ആചരിക്കേണം. ആറു സംവത്സരം നിലം വിതയ്ക്കുകയും അവ്വണ്ണം ആറു സംവത്സരം നിന്റെ മുന്തിരിത്തോട്ടം വള്ളിത്തല മുറിച്ച് അനുഭവം എടുക്കേണം. ഏഴാം സംവത്സരത്തിലൊ ദേശത്തിനു സ്വസ്ഥതയുള്ള ശബ്ബത്ത് ആയ യഹോവയുടെ ശബ്ബത്ത് ആയിരിക്കേണം.

പിന്നെ ഏഴാം ശബ്ബത്താണ്ടായ ഏഴേഴു സംവത്സരം എണ്ണേണം. അങ്ങനെ ഏഴു ശബ്ബത്താണ്ടായ നാല്പത്തൊൻപത് സംവത്സരം കഴിയേണം. അപ്പോൾ ഏഴാം മാസം 10-ാം തീയതി മഹാധ്വനി കാഹളം ധ്വനിപ്പിക്കേണം. അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകല നിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കണം. അതു നിങ്ങൾക്ക് യോബേൽ സംവത്സരം ആയിരിക്കേണം. (ലേവ്യ 25:8-11) എവിടെയൊക്കെയാണ് വിമോചനത്തിന്റെ ആവശ്യം എന്ന് ലഘുവായി നമുക്ക് ചിന്തിക്കാം.

## 1 പാപത്തിൽ നിന്നുമുള്ള വിമോചനം

ആദിമനുഷ്യൻ പാപം ഇല്ലാത്തവനായിരുന്നു. അവൻ ദൈവത്തോടുകൂടി ആയിരുന്നു. അവൻ ദൈവത്തിൽ നിന്നും ആകുന്നു. അന്നു മുതൽ പാപത്തിന്റെ അടിമയായി. പാപവിമോചനം ആഗ്രഹിക്കുന്നു. മനുഷ്യൻ ഏതുനിലയിൽ ആയിത്തീരണമൊ ആ നിലയിൽ അവൻ എത്തിയിട്ടില്ല. അതാണ് പാപം. 'എന്താണ് പാപത്തിന്റെ അന്തസത്ത? ദൈവ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിനെതിരായി തീരുമാനമെടുക്കുകയും ദൈവത്തിൽ നിന്ന് സ്വതന്ത്രനായി തീരുവാനുള്ള ദുഷ്ടമായ ആഗ്രഹത്താൽ പ്രേരിതനായ് അവനിൽ നിന്ന് അകന്നു മാറുകയും ചെയ്യുന്നതാണ് അടിസ്ഥാന പാപം. അതിനാൽ പാപത്തിന്റെ അന്തസത്ത ദൈവത്തിനെതിരായ വിപ്ലവം അഥവാ ശത്രുത ആണ്.

ആദിമനുഷ്യന്റെ പാപം മൂലം മനുഷ്യജാതിയ്ക്കുണ്ടായ വിരൂപതയെ അകററുന്നതിനായിട്ടാ

ണല്ലോ പാപത്തിന് അതീതനായ ദൈവം മനുഷ്യനായി അവതരിച്ചത്. പാപം മൂലം ആദിമനുഷ്യന്റെ നൈർമ്മല്യം നഷ്ടപ്പെട്ടു. ആ നൈർമ്മല്യം വീണ്ടെടുക്കുന്നതിനായി മനുഷ്യജാതി അന്നു മുതൽ പൂർണ്ണനായ ഒരു വ്യക്തിയെ തേടി നടന്നു. അവനത്രെ കന്യകയിൽ ജാതനായ, പാപമുക്തനായ യേശുക്രിസ്തു, ദൈവ വിശ്വാസമില്ലായ്മ, അനുസരണക്കേട്, ദൈവ വിരുദ്ധമായ മത്സരം, ജീവിത കേന്ദ്രത്തിൽ നിന്നും ദൈവത്തെ പുറംതള്ളൽ, സ്വയത്തെ ജീവിത കേന്ദ്രത്തിൽ സ്ഥാപിക്കുക ഇവയെല്ലാം പാപത്തിലേക്ക് നമ്മെ നയിക്കുന്നു. ചുരുക്കത്തിൽ മനുഷ്യൻ തന്റെ യഥാർത്ഥ ജീവിത കേന്ദ്രത്തിൽ നിന്നും അകന്നു മാറിപ്പോകുന്നതിനാൽ അവന്റെ ആളത്വത്തിന് കുഴപ്പം ഉണ്ടാകുന്നു.

പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. "അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്യുകയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. (റോമർ 5:12). എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദമിന്റെ ലംഘനത്തിന് തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശവരെ വാണിരുന്നു. (റോമർ 5:14) ഏകന്റെ അനുസരണക്കേടും ഏകൻ മൂലമുണ്ടായ വീണ്ടെടുപ്പിനെയും വളരെ വിശദമായി അപ്പോസ്തോലൻ പ്രതിപാദിച്ചിരിക്കുന്നു. അതുകൊണ്ടാണ് പത്രോസ് ശ്ലീഹായും നമ്മെ ഓർമ്മിപ്പിക്കുന്നത്. "നിങ്ങളൊ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു. (1 പത്രോസ് 2:9) തന്മൂലം ഇനിയും പാപത്തിൽ മുഴുകുന്നത് ഉചിതമല്ല. നമുക്ക് ഒരു വിമോചനം ഉണ്ടായെ മതിയാകൂ.

വെളിച്ചം ഉണ്ടായിട്ടും അന്ധകാരത്തിൽ വസിക്കുന്നവൻ പാപത്തിൽ വസിക്കുന്നു. ഇരുളിന്റെ പ്രവൃത്തിയാണ് പാപം. അതുകൊണ്ട് വെളിച്ചത്തിന്റെ മക്കളായ നാം ഇനിയും അന്ധകാരത്തിന്റെ പ്രവൃത്തിക്ക് അടിപ്പെടരുത്. എങ്കിൽ മാത്രമെ പാപത്തിൽ നിന്നുമുള്ള വിമോചനം നമുക്ക് സാധിക്കുകയുള്ളൂ.

പാപത്തിന് സാമൂഹ്യമായ ഒരു വശം കൂടിയുണ്ട്. ഒരാളുടെ പാപം അവനു മാത്രമല്ല, അവൻ ഉൾപ്പെടുന്ന സമൂഹത്തെയും ബാധിക്കുന്നു. മനുഷ്യൻ ഒരു വ്യക്തി മാത്രമല്ല. അവൻ സമൂഹത്തിലെ ഒരംഗവും കൂടിയാണ്. അതുകൊണ്ടാണ് വ്യക്തിയുടെ പാപം സമൂഹത്തിന്റെ മൊത്തം പാപമാണെന്നു പറയുന്നത്. തന്മൂലം വ്യക്തിക്കും സമൂഹത്തിനും ഒരു വിമോചനം ഉണ്ടാകണമെങ്കിൽ അവൻ പാപത്തിൽ നിന്നും അന്യനായിരിക്കണം.



## 2. അടിമത്തത്തിൽ നിന്നുള്ള വിമോചനം

മർദ്ദകനും, മർദ്ദിതനും, ദാസനും യജമാനനും, സമ്പന്ന രാഷ്ട്രവും ദരിദ്രരാഷ്ട്രവും ഉള്ള കാലത്തോളം ഈ പദത്തിന് പ്രസക്തിയുണ്ട്. മർദ്ദകൻ തന്റെ മർദ്ദനമുറയും യജമാനൻ തന്റെ യജമാനത്വവും സമ്പന്നൻ തന്റെ അതിരു കവിഞ്ഞ സമ്പാദ്യശ്രമവും അവസാനിപ്പിക്കാത്തിടത്തോളം മർദ്ദിതനും, ദാസനും, ദരിദ്രനും അടിമ തന്നെ. അവൻ സദാ അടിമത്തത്തിൽത്തന്നെ വിലയം പ്രാപിക്കുന്നു.

എന്നാൽ ഈ അടിമയ്ക്ക് ഒരു വിമോചനം ഉണ്ടായെങ്കിലെ പറ്റുകയുള്ളു. സ്വന്തം ജനമായ യിസ്രയേൽ മിസ്രേമിൽ അടിമത്തം അനുഭവിക്കുന്നതുകണ്ട് യഹോവ വിമോചകനായ മോശയെ അവിടേക്ക് അയയ്ക്കുന്നു. ഒരിക്കലും ഒരു വിമോചനം നടത്തുന്നതിനായി ഫറവോൻ ആഗ്രഹിക്കുന്നില്ല. കാരണം തന്റെ നിലനിൽപ്പും നേട്ടങ്ങളും അരമനകളും, കൊത്തളങ്ങളും അടിമയുടെ അടിമത്തത്തിന്റെ ഫലമാണ്. തന്മൂലം അവരെ വിട്ടയച്ചാൽ തന്റെ സമ്പാദ്യങ്ങളൊക്കെയും തകർന്നു തരിപ്പണമാകും. ഇതിൽ നിന്നും വിഭിന്നമല്ല ഇന്നത്തെ സാമൂഹ്യവ്യവസ്ഥ. തീർച്ചയായിട്ടും ഇത്തരം ഫറവോമാരുടെ കയ്യിൽ നിന്നും ദൈവജനത്തെ മോചിപ്പിക്കേണ്ടിയിരിക്കുന്നു. മോശയെക്കൊണ്ട് ദൈവം നടത്തിയ വിടുതൽ, പ്രതിസന്ധിയുടെയും പോരാട്ടങ്ങളുടെയും മദ്ധ്യത്തിൽ ദൈവം അവരെ വിടുവിക്കുന്നു.

മർദ്ദനം, ദാരിദ്ര്യം, രോഗം, അജ്ഞത ഇവമൂലം കഷ്ടമനുഭവിക്കുന്ന ജനം ഭൂരിഭാഗമുള്ള ഭാരത സമൂഹത്തിൽ ചുരുക്കം ചിലർക്കാണ് ഉന്നത വിദ്യാഭ്യാസവും, മറ്റു സൗകര്യപ്രദമായ ഉപാധികളും അവസരങ്ങളും ലഭിക്കുന്നത്. അവർ അവ വിനിയോഗിച്ച് സ്വയം ഉയരുകയും ദരിദ്രരും മർദ്ദിതരും അജ്ഞരുമായ ജനകോടികളുടെ അവസ്ഥയിൽ നിസംഗത്വം പുലർത്തുകയും ചെയ്യുന്നത് സാധാരണ സംഭവമത്രെ. എല്ലാവർക്കും പാർപ്പിടം എന്ന് എല്ലാവരും എപ്പോഴും പറയുന്നു, എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടുന്നത്? ചുക്കിനും, ജീരകത്തിനും, മുളകിനും വരെ കമ്മീഷൻ പറ്റുന്ന വിമോചകന്മാർ ആണ് ഇവിടെ ഉള്ളത്.

പ്രത്യേകിച്ച് അധഃകൃതരിൽ വിദ്യയും മറ്റു ജീവിത സൗകര്യങ്ങളും ലഭിച്ചിട്ടുള്ള ചുരുക്കം പേർ സ്വജാതിയുടെ ഉദ്ധാരണത്തിൽ സ്വയം പ്രതിഷ്ഠിക്കാതെ അവരിൽ നിന്നും ഒറ്റതിരിഞ്ഞ് സ്വയം വളരാൻ ശ്രമിക്കുന്നത് ധാരാളമായി കാണുവാൻ കഴിയും. ബുദ്ധിജീവികളുടെയും മദ്ധ്യ വർഗ്ഗങ്ങളുടെയും ഈ സമീപനം തികച്ചും അപലപനീയമാണ്. സഹോദര സ്നേഹത്തിൽ നിന്ന് അകന്ന് സ്വന്തമായി വളരാൻ കഴിയുകയില്ല. ആ സത്യമാണ് മോശയുടെ തീരുമാനം സ്പഷ്ടമാക്കുന്നത്. ഫറവോന്റെ കൊട്ടാരത്തിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടി 40 വർഷം ജീവിച്ചു. ഈ അവസരത്തിലാണ് തന്റെ സഹോദരങ്ങളുടെ കഷ്ടപ്പാടിനെക്കുറിച്ചു മനസ്സി

ലമാക്കുന്നതും ദൈവം വിമോചകനായിട്ട് മോശയെ അയയ്ക്കുന്നതും.

## 3. മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നുമുള്ള വിമോചനം

മദ്യം, മനുഷ്യനെ മദിപ്പിക്കുന്നു സമൂഹത്തിന്റെ തീരാശാപമായി തീർന്നിരിക്കുന്ന ഈ വിപത്തിൽ നിന്നും ഒരു വിമോചനം ഉണ്ടാകണം, ഇതിന്റെ ദൂഷ്യ വശത്തെക്കുറിച്ച് അവനെ ബോധവാനാക്കണം.

ഒരു ചൈനീസ് പഴമൊഴി ഇപ്രകാരമാണ് "മദ്യപൻ ആദ്യം മദ്യം കുടിക്കുന്നു. പിന്നീട് മദ്യം മദ്യത്തെ കുടിക്കുന്നു. മൂന്നാമത് മദ്യം മദ്യപനെ കുടിക്കുന്നു." മദ്യം മൂലം വ്യക്തിപരവും സാമൂഹ്യപരവും, സാമ്പത്തികവുമായ ദൂഷ്യവശത്തെക്കുറിച്ച് അവനെ ബോധവാനാക്കണം, മദ്യനിരോധനത്തെക്കാളും ഉപരിയായി മദ്യത്തിന്റെ ദൂഷ്യവശത്തെക്കുറിച്ച് അവനെ ബോധവാനാക്കി അതിൽ നിന്നും അവനെ വിമുക്തനാക്കുക എന്നുള്ളതാണ്.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ പഞ്ചാബിനു താഴെയായി പ്രതിശീർഷ മദ്യ ഉപയോഗത്തിന്റെ കാര്യത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്. എന്നാൽ പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ ഏറെ പിന്നിലും ആണ്, അതിന്റെ ഫലമായി വിലകുറഞ്ഞ വ്യാജ മദ്യത്തിന്റെ ഉപയോഗത്തിൽ നാം മുന്നിലാണ്. റോഡപകടങ്ങളിൽ 50 ശതമാനത്തോളവും വ്യാവസായിക അപകടങ്ങളിൽ മൂന്നിലൊന്നും മദ്യപാനത്തിന്റെ ഫലമായാണ് സംഭവിക്കുന്നത്. കരൾരോഗങ്ങൾ ഹൃദ്ദ്രോഗങ്ങൾ, നാഡിരോഗങ്ങൾ എന്നിവയിൽ വലിയൊരു വിഭാഗവും അപ്രകാരം തന്നെ.

മാനസിക രോഗങ്ങൾ മദ്യപരിൽ സാധാരണം ആണ്. മദ്യപന്റെ കുടുംബം, പ്രത്യേകിച്ചും ഭാര്യയും കുട്ടികളും അനുഭവിക്കുന്ന കഷ്ടപ്പാടുകളും മാനസിക ക്ലേശങ്ങളും എത്രയോ വലുതാണ്. സ്നേഹവും സമാധാനവും നഷ്ടപ്പെട്ട ഈ കുടുംബങ്ങളിലെ കുട്ടികൾ നിരുന്മേഷരും ഉദാസീനരും ആയിത്തീരുന്നു. ഉത്തരവാദിത്വങ്ങളിൽ പരാജയപ്പെടുന്നു. മദ്യപരും ലഹരിക്കാരും സാമൂഹ്യവിരുദ്ധരായി കാണപ്പെടുന്നു. ഇതിൽ നിന്നും ഒരു വിമോചനം ആവശ്യമല്ലേ?

വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ യഹോവ അഹരോനോടും പുത്രന്മാരോടും അരുളിച്ചെയ്തത് "നീയും നിന്റെ പുത്രന്മാരും മരിച്ചു പോകാതിരിക്കേണ്ടതിന് സമാഗമന കൂടാരത്തിൽ കടക്കുമ്പോൾ വീഞ്ഞും മദ്യവും കുടിയ്ക്കരുത്. (ലേവ്യ. 10:9) ദൈവസന്നിധിയിൽ ഒരു മദ്യപാനിക്കും നിൽക്കുവാൻ കഴിയുകയില്ല. നമ്മുടെ ദൈനംദിന ജീവിത ചുററുപാടിൽ നാം ഇത് സ്മരിക്കുന്നുണ്ടോ?

യെശയ്യാ പ്രവാചകൻ കഷ്ടം ചൊല്ലിക്കൊണ്ടാണ് ഈ അവസ്ഥയെ വിശദീകരിച്ചിരിക്കുന്നത്. "അതികാലത്ത് എഴുന്നേററ് മദ്യം തേടി ഓടുകയും വീഞ്ഞുകുടിച്ച് മത്തരായി സന്ധ്യാ സമയത്ത്



വൈകി ഇരിക്കുകയും ചെയ്യുന്നവർക്ക് അയ്യോകഷ്ടം." (യെശ. 5:11) നിങ്ങൾ ചെന്നു പാർക്കുന്ന ദേശത്ത് നിങ്ങൾ ദീർഘായുസോടിരിക്കേണ്ടതിന് നിങ്ങളും നിങ്ങളുടെ മക്കളും ഒരിക്കലും വീഞ്ഞു കുടിക്കരുത്. (യിരമ്യാവ് 35:7) മദ്യപരുമായി സംബന്ധമൊ സംസർഗ്ഗമൊ പോലും പാടില്ല എന്ന് പൗലോസ് അപ്പോസ്തോലൻ മുന്നറിയിപ്പു നൽകുന്നു.

പൊതു രംഗങ്ങളിലും സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള ഓട്ടത്തിലും ഈ വിപത്ത് ഇല്ലാതെ ലക്ഷ്യ സ്ഥാനത്ത് ചെന്നെത്താൻ കഴിയുന്നുണ്ടോ? ചിന്തിക്കുക........ നമ്മുടെ ആഘോഷങ്ങളും ഉത്സവങ്ങളും മദ്യത്തിന്റെ ലഹരിയിൽ ആയി പോകുന്നില്ലേ എന്നുള്ള സംശയം നിലനിൽക്കുന്നു.

**ഒരു പത്രവാർത്ത:-**

തിരുവല്ല-പൊതുമേഖലാ ഡിസ്ററലറികളായ തിരുവല്ലാ ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിലും പന്തളം മന്നം ഷുഗർ മില്ലിലുമായി ഒരു കോടി രൂപാ വിലയ്ക്കുള്ള ഒന്നാം തരം ചാരായം വാങ്ങാനാളില്ലാതെ കെട്ടിക്കിടക്കുന്നു.

ക്രിസ്മസ് സീസൺ ആകുമ്പോൾ ഡിസ്ററിലറികൾക്ക് മുമ്പിൽ അബ്കാരി കോൺട്രാക്ടർ മാരുടെ ടാങ്കറുകൾ ക്യൂ കിടക്കുന്ന പതിവാണുണ്ടായിരുന്നത്.........കാരണം വ്യാജ ചാരായം വിപണിയിൽ ഇറങ്ങിയിട്ടുണ്ട്

അതെ! ഇതിൽ നിന്നും ഒരു വിമോചനം ഉണ്ടായെ മതിയാകൂ.

## 4 അശാസ്ത്രീയമായുള്ള സാമൂഹ്യ വ്യവസ്ഥയിൽ നിന്നുള്ള ഒരു മോചനം

ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചു. അവൻ സന്തോഷത്തോടും സമാധാനത്തോടും കൂടി ജീവിക്കണം എന്നുള്ള ആഗ്രഹത്തിൽ അവന് വേണ്ടതെല്ലാം നൽകി. എന്നാൽ മനുഷ്യൻ തന്നിൽത്തന്നെ വിഭാഗീയ ചിന്തകൾ വളർത്തിയെടുത്തു. അങ്ങനെ ജാതി, വർഗ്ഗ വർണ്ണ വ്യത്യാസങ്ങൾ സംജാതമായി. ഉയർന്നമതമെന്നും താണമതമെന്നും സവർണ്ണനെന്നും അവർണ്ണനെന്നും ഉള്ള തരംതിരുവുകൾ സംജാതമായി. മനുഷ്യർ തമ്മിൽ കാണുന്നതും ഇടപ്പെടുന്നതും അരോചകമായിത്തീർന്നു. തന്നെപ്പോലെ തന്നെ മററുള്ളവരെ കാണുവാൻ കഴിയാതെയായി ധനവാനും ദരിദ്രനും എന്നുള്ള വ്യത്യാസം, ക്രൈസ്തവനും, അക്രൈസ്തവനും, അവശക്രൈസ്തവനും എന്നുവരെയായി. അതോടൊപ്പം ഇവരുടെ മരീചികയായ ഉയർച്ചയ്ക്ക് വേണ്ടി പോരാടാൻ നേതാക്കന്മാരും ഉയർന്നു വന്നു. ഇങ്ങനെപോകുന്നു........ ...

സമൂഹത്തിൽ ഇന്നു കാണുന്ന ഉച്ച നീചത്വങ്ങൾക്ക് ഒരു അവസാനം ഉണ്ടാകണം. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവർ തുല്യരാണെന്നുള്ള ബോധം നമ്മിൽ ഉണ്ടാകണം. നല്ല ശമരിയാക്കാരന്റെ ജീവിത രീതി പ്രാവർത്തികമാകണം. സഖായിയുടെ ജീവിതത്തിലുണ്ടായ മാനസാന്തരം അന്വർത്ഥമാകണം. എങ്കിൽ മാത്രമെ നമുക്ക് ഒരു

വിമോചനം ഉണ്ടാക്കി എടുക്കുവാൻ കഴിയുകയുള്ളൂ. പ്രകൃതി ശക്തികളിൽ (വിപത്ത്) നിന്നും ഒരു വിമോചനം മാനവജാതിക്ക് ആവശ്യമാകുന്നു.

പ്രകൃതി മനുഷ്യന് അനുകൂലമല്ലാത്ത ഒരു അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു; മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുപറയുന്നതായിരിക്കും കൂടുതൽ ശരി. ആദിമ മനുഷ്യൻ പ്രകൃതിയെ ആശ്രയിച്ച് പ്രകൃതി വിഭവങ്ങൾ അനുഭവിച്ച് പ്രകൃതി ശക്തികളെ ആരാധിച്ചു ജീവിച്ചുവന്നു. എന്നാൽ പ്രകൃതിക്ക് ക്ഷതം ഏല്പിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയിലേക്ക് നാം ഇന്ന് എത്തിച്ചേർന്നിരിക്കുന്നു. തന്മൂലം പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഭംഗം നേരിടുന്നു. പ്രകൃതിക്ഷോഭങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. വെള്ളപ്പൊക്കം, ഭൂകമ്പം, വരൾച്ച മുതലായവ താങ്ങാവുന്നതിലും അപ്പുറമായിരിക്കുന്നു.

മനുഷ്യന്റെ സ്വാർത്ഥ താല്പര്യത്തിനു വേണ്ടി പ്രകൃതിയെ ഇഷ്ടാനുസരണം ഉപയോഗിക്കുന്നു. വേദപുസ്തക പശ്ചാത്തലത്തിൽ ഇങ്ങനെ ഒരു സ്വാതന്ത്ര്യം മനുഷ്യന് നൽകിയിട്ടില്ല. പരിപാലനത്തിനുള്ള ചുമതലയാണ് മനുഷ്യർക്ക് നല്കിയിരിക്കുന്നത്. (ഉല്പത്തി 1-28 ഉം 2;13) തോട്ടം സൂക്ഷിക്കുന്നതിനുള്ള ചുമതലയാണല്ലോ ആദാമിന് നൽകപ്പെട്ടിട്ടുള്ളത്. **"To fill it and take care of it."** പങ്കാളിത്തം ആണ് ദൈവം ഉദ്ദേശിക്കുന്നത്, സൃഷ്ടിയുടെ പങ്കാളി എന്ന നിലയിൽ സൃഷ്ടിയെ അതിന്റെ പൂർത്തീകരണത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ സഹകരിക്കുക എന്നുള്ളതാണ് മനുഷ്യ ധർമ്മം.

നോഹയുമായി ദൈവം ഉണ്ടാക്കുന്ന ഉടമ്പടിയിൽ മനുഷ്യരും അവരുടെ തലമുറകളും മാത്രമല്ല എല്ലാ ജീവജാലങ്ങളും ഉൾക്കൊള്ളുന്നു. നിങ്ങളോടും നിങ്ങൾ മുമ്പേയും പിമ്പേയും ഉള്ള തലമുറകളോടും എല്ലാ ജീവജാലങ്ങളോടും ഞാൻ ഒരു ഉടമ്പടി ചെയ്യുന്നു. അതായത് മനുഷ്യൻ മാത്രമല്ല ദൈവത്തിന്റെ ഉടമ്പടിയിലെ പങ്കാളികൾ ദൈവത്തിന്റെ ഉടമ്പടി ബന്ധത്തിലെ ഒരു പങ്കാളിയാണ് പ്രകൃതി. ഈ ബോധ്യത്തോടു കൂടിയായിരിക്കണം മനുഷ്യർ പ്രകൃതിയോട് ബന്ധപ്പെടേണ്ടത്. മറിച്ചാണെങ്കിൽ പ്രകൃതി കോപത്തിന് നാം ഇരയാകും. അതുകൊണ്ടാണ് പ്രകൃതി വിപത്തിൽ നിന്നും നമുക്ക് ഒരു വിമോചനം ഉണ്ടാകണം എന്നുള്ള ചിന്ത ഉടലെടുക്കുവാൻ കാരണം.

യഹോവ ആഗ്രഹിക്കുന്ന വിമോചനം അങ്ങ് അകലെയാകുന്നു. പ്രത്യാശയോടുകൂടി നമുക്ക് കാത്തിരിക്കാം. യോബേൽ സംവത്സരത്തിനായി ഒരുങ്ങാം. അതിനായി പ്രാർത്ഥിക്കാം. സർവ്വ ജീവജാലങ്ങളുടെയും നാഥനാകുന്ന ദൈവമേ! ഞങ്ങളുടെ പ്രത്യാശ സാധ്യമാക്കിത്തരേണമേ. അടിമയ്ക്കും, പാപിക്കും, ദരിദ്രനും.................. നിന്റെ വിമോചനം ആഗ്രഹിക്കുന്ന ഏവർക്കും നീ പ്രത്യാശയായിരിക്കേണമേ!

★



# ആചാരാനുഷ്ഠാനങ്ങൾ എന്തിന്?

ഫാ. മാത്യു വൈദ്യൻ തഴക്കര, മാവേലിക്കര-2

ഒരു സമൂഹത്തിന്റെ വികാസ പരിണാമ പ്രക്രിയയിൽ ആചാരാനുഷ്ഠാനങ്ങളും ധാർമ്മികപ്രമാണങ്ങളും വഹിക്കുന്ന പങ്ക് വലുതാണ്. ഇവ ലഘൂകരിക്കുന്നത് സമൂഹത്തിന്റെ അധോഗതിയെ ത്വരിതപ്പെടുത്തുവാനിടയാകുമെന്ന് ചരിത്രം സാക്ഷിക്കുന്നു.

യഹൂദജാതിയുടെ ഐക്യത്തിനും ഉദ്ഗ്രഥനത്തിനും മിഷ്നാ, മിദ്രാഷ്, താൽമൂദ് എന്നിങ്ങനെ ന്യായപ്രമാണത്തെ ആധാരമാക്കി രൂപപ്പെട്ട മതഗ്രന്ഥങ്ങളും, ഹലാക്ക്, ഹഗാഡ എന്നീ യഹൂദ ധർമ്മശാസ്ത്രഗ്രന്ഥങ്ങളും വഹിച്ച പങ്ക് വലുതാണ്. തുപ്പലിറക്കാതെയുള്ള തീക്ഷ്ണമായ ഉപവാസത്തോടെ നോമ്പുനോറ്റ് തങ്ങൾ വിശ്വാസമർപ്പിച്ച മതപ്രമാണങ്ങളും നിഷ്ഠകളും ചിട്ടകളും നിയന്ത്രണങ്ങളും നിരോധനങ്ങളും അക്ഷരം പ്രതി പാലിക്കുന്ന നിസ്ക്കാരത്തഴമ്പുള്ള മുസ്ലീം സഹോദരങ്ങളും ആ ജാതിയുടെ ഉദ്ഗ്രഥനത്തിന്റെ പ്രതീകമാണ്.

മലങ്കര സഭാംഗങ്ങളുടെ യാമപ്രാർത്ഥനകളും കുമ്പിടീലും നോമ്പും ഉപവാസവും കുർബാനാനുഭവവും നിന്നുകൊണ്ടുള്ള നീണ്ട ആരാധനകളും ധൂപാർപ്പണവും വ്യത്യസ്ത നിറങ്ങളിലുള്ള സംഗീതവും ചിത്രകലയും ദേവാലയ സംവിധാനവും മററും വിളിച്ചറിയിക്കുന്ന ഭക്തിയുടെ പാരമ്യം ഇതര മതവിശ്വാസികൾപോലും ശ്രേഷ്ഠമായി ഗണിക്കുന്നു. നൂറായിരം വെല്ലുവിളികളുള്ള ഈ ലോകത്ത് ഇക്കാര്യങ്ങളിൽ ശ്രദ്ധ കുറയുവാനോ അലസത കാട്ടാനോ വിശ്വാസികൾക്കിടയാകരുത്.

ശ്രദ്ധാപൂർവ്വമായ ആചാരാനുഷ്ഠാനങ്ങളുടെ മകുടോദാഹരണമാണ് വിശുദ്ധ കന്യമറിയാമിന്റെ ജീവിതം. യഹൂദന്യായപ്രമാണം അക്ഷരം പ്രതി പാലിച്ചു ശുദ്ധീകരണകാലം ആചരിച്ചു. ശുദ്ധീകരണകാലം തികഞ്ഞപ്പോൾ യേശുക്കുഞ്ഞിനേയും കൊണ്ട് ദേവാലയത്തിൽ വന്ന് യാഗവഴിപാടുകൾ അർപ്പിച്ചു. ദേവാലയാരാധനകളിലും പെരുന്നാളുകളിലും ശുഷ്കാന്തിയോടെ സംബന്ധിച്ചു. യേശുക്രിസ്തു മാതാപിതാക്കളുമൊത്ത് പതിവു പോലെ പെരുന്നാളിനുപോയി. (ലൂക്കോ. 2:24)

വിരിച്ചൊരുക്കിയ വൻമാളികയിൽ പെസഹാ ഒരുക്കുവാൻ കർത്താവ് കല്പിച്ചു. വിരിച്ചൊരുക്കൽ യഹൂദ ആചാര മര്യാദയാണ്. അപ്പവും വീഞ്ഞും കർത്താവ് ബലിക്കുപയോഗിച്ചത് മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള സ്തോത്ര ബലിയുടെ ആചാരമാണ്. കർത്താവ് ശിഷ്യൻമാരുടെ കാൽ കഴുകിയത് യഹൂദ ആചാരമാണ്. മറിയാം വന്ന് കർത്താവിന്റെ കാൽക്കൽ സുഗന്ധതൈലം പൂശിയതും ആചാരമാണ്. കർത്താവ് അതു നിരസിച്ചില്ല.

മഗ്ദലനമറിയാം കർത്താവിന്റെ കല്ലറയ്ക്കൽ സുഗന്ധദ്രവ്യങ്ങൾ കൊണ്ടുപോയതും മതാചാരമാണ്. കർത്താവിന്റെ ശരീരം ശീ

# നിഖ്യാവിശ്വാസ പ്രമാണം -ഒരു അവലോകനം

ചില നൂററാണ്ടുകൾ കൊണ്ടാണ് നിഖ്യാവിശ്വാസ പ്രമാണം ആധുനിക രൂപമെടുത്തതും സാർവ്വത്രികമായ ഉപയോഗത്തിലായതും. ഏ. ഡി. 325 ആരംഭത്തിൽ ഫിലോഗോണിയസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ 56 ബിഷപ്പുമാർ അന്തോക്യയിൽ ഒരുമിച്ചുകൂടി. തെരഞ്ഞെടുപ്പിനുശേഷം .അറിയൂസിന്റെ വേദവിപരീതത്തിനെതിരായി ഒരു വിശ്വാസപ്രമാണം അവർ പ്രസിദ്ധപ്പെടുത്തി. ഇതിന്റെ സുറിയാനി ഉള്ളടക്കം അടുത്തകാലത്ത് പാരീസിൽ നിന്ന് ഗവേഷകർ കണ്ടെത്തി. താമസിയാതെ ഏ.ഡി. 325 ജൂൺ 19-ാം തീയതി നിഖ്യാ സുന്നഹദോസ് സമ്മേളിച്ചു, കുസ്തന്തീനോസ് ചക്രവർത്തിയാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. ഈ സുന്നഹദോസിന്റെ രേഖകൾ നമ്മുക്ക് ലഭ്യമല്ല. അന്തോക്യയിലെ ഒസ്താത്യോസിന്റെയും; കൈസര്യയിലെ യൂസേബിയോസിന്റെയും കുറിപ്പുകളിൽ നിന്നാണ് ഈ സുന്നഹദോസിന്റെ വിവരങ്ങൾ നമ്മുക്ക് ലഭിക്കുന്നതു്.

ആദിമകാലങ്ങളിൽ ആരാധനവേളയിൽ യെഹൂദ പള്ളികളിൽ ഷാമായും (Shama) തത്തുല്യങ്ങളായ വിശ്വാസപ്രമാണങ്ങളും ഉപയോഗിച്ച സ്ഥാനത്ത് ക്രിസ്തീയ ആരാധനയിൽ വി. ത്രിത്വവിശ്വാസം ഏററു പറയുന്ന രീതി മിക്കവാറും ഒന്നാം നൂററാണ്ടിൽ തന്നെ ആരംഭിച്ചു. ആദിമകാലങ്ങളിൽ ദുതാത്മബഹിഷ്ക്കരണത്തിനും പീഡനകാലങ്ങളിൽ വിശ്വാസം ഉറപ്പിച്ചു പ്രഖ്യാപിക്കുന്നതിനും വിശ്വാസ പ്രമാണം ഉപയോഗിച്ചിരുന്നു. ന്യായാധിപൻമാരുടെ മുൻപിൽ വിശ്വാസം ഏററുപറഞ്ഞിട്ടായിരുന്നു മിക്ക രക്തസാക്ഷികളും വീര മരണം പ്രാപിച്ചത്.

ഇന്ന് നാം ഉപയോഗിക്കുന്ന വിശ്വാസപ്രമാണം വി. കുർബ്ബാനയിൽ ആദ്യമായി ഉൾപ്പെടുത്തിയത് 476—488 വരെ അന്ത്യോഖ്യയിലെ കപാത്രിയർക്കിസായ പത്രോസ് കബാറെ ആണ്. ഏ. ഡി. 568-ൽ ജസ്ററിൻ രണ്ടാമൻ ചക്രവർത്തിയുടെ കല്പന പ്രകാരം എല്ലാ കാതോലിക്കാ പള്ളികളിലും വി.കുർബ്ബാനയിൽ നിഖ്യാ വിശ്വാസപ്രമാണം ഉൾപ്പെടുത്തി. 589—ൽ ററൊലിഡോയിൽ കൂടിയ കൊൺസിലിന്റെ കാനോനിലാണ് പാശ്ചാത്യസഭ ഈ വിശ്വാസപ്രമാണം വി. കുർബ്ബാനയിൽ ഉൾപ്പെടുത്തിയതായിട്ടുള്ള രേഖകൾ കാണുന്നത്. റോമാസഭയിൽ ഇത് സാർവ്വത്രികമായത് ഏററവും ഒടുവിലാണ്.

നിഖ്യാ വിശ്വാസ പ്രമാണത്തിന്റെ രൂപീകരണത്തിനു ദൈവം ഏററവും കൂടുതൽ ഉപയോഗിച്ച വ്യക്തി മാർ അത്താനാസ്യോസ് ആയിരുന്നു. മാർ അത്താനാസ്യോസ് ഏ. ഡി. 328-ൽ അലക്സാണ്ട്റിയായിലെ പാത്രയർക്കിസായി. അറിയൂസിന്റെ വേദവിപരിതത്തെ അടിച്ചമർത്താൻ ദൈവം ഉപയോഗിച്ച മുന്നണിപോരാളികളിൽ ഒന്നാമൻ ആയിരുന്നു മാർ അത്തനാസ്യോസ്. ഗ്രീക്കു സഭാ ഇദ്ദേഹത്തെ ''ഓർത്തഡോക്സിയുടെ പിതാവ്'' എന്ന് നാമകരണം ചെയ്തു. റോമാസഭ കിഴക്കിന്റെ നാലു പിതാക്കൻമാരിൽ ഒരാളായി ഇദ്ദേഹത്തെ പരിഗണിക്കുന്നു.

ഹൈന്ദവ മതഗുരുക്കൻമാരും തത്വചിന്തകൻമാരും ചരിത്രത്തിന് വലിയ പ്രാധാന്യം നൽകുന്നില്ല. നാം ചരിത്രത്തിനു കൊടുക്കുന്ന പ്രാധാന്യം നിമിത്തമാണ് വിശ്വാസപ്രമാണത്തിൽ ലോകചരിത്രത്തിന്റെ പ്രതിനിധിയായി പീലാത്തോസിന് സ്ഥാനം നൽകാൻ സഭ തീരുമാനിച്ചത് കാരണം ലോകചരിത്രം രക്ഷയുടെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നു (ലൂക്കോ. 3:1) കന്യകമറിയാം രക്ഷയുടെ ചരിത്രത്തിന്റെയും; പുറജാതിക്കാരനായ പീലാത്തോസ് ലോകചരിത്രത്തിന്റെയും പ്രതിനിധികളായിട്ടത്രേ വിശ്വാസപ്രമാണത്തിൽ നിലകൊള്ളുന്നത്.

അറിയൂസിന്റെ വേദവിപരീതത്തെ അടിച്ചമർത്തുക എന്നതായിരുന്നു നിഖ്യാവിശ്വാസപ്രമാണത്തിന്റെ മുഖ്യ ലക്ഷ്യം എങ്കിലും വേറെയും ചില വേദവിപരീതങ്ങൾ

---

(21-ാം പേജിൽ നിന്നും തുടർച്ച)

ലകൾ ചുററി സുഗന്ധം പൂശി വെട്ടപ്പെട്ട കല്ലറയിൽ അടക്കിയതും യഹൂദമതാചാരമാണ്. ക്രിസ്തു യോഹന്നാൻ സ്നാപകന്റെ പക്കൽ നിന്നുള്ള സ്നാനം ഉൾപ്പെടെ യഹൂദ മതാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചു മരിച്ചയാളുടെ കല്ലറയ്ക്കൽ ചെന്ന് ,കരഞ്ഞു പ്രാർത്ഥിക്കുന്നത് യഹൂദ മതാചാരമാണ്. സഭ സ്വീകരിച്ചതുമാണ്. കർത്താവ് ലാസറിന്റെ കല്ലറയ്ക്കൽ ചെന്ന് കരഞ്ഞു പ്രാർത്ഥിച്ചു. (മരിച്ച ലാസറിനുവേണ്ടി). കല്ലറയ്ക്കൽ പോകതെ ഉയർപ്പിക്കാമായിരുന്നില്ലേ? ലാസറിന്റെ ഉയർപ്പിനുവേണ്ടി കർത്താവ് പ്രാർത്ഥിച്ചതുപോലെ മരിച്ചവരുടെ ഉയർപ്പിനുവേണ്ടി നാമും പ്രാർത്ഥിക്കണം.

പുരോഹിതന് നിന്നെത്തന്നെ കാണിച്ച് മോശ കല്പിച്ചതുപോലെ ശുദ്ധീകരണത്തിനുള്ള വഴിപാട് അർപ്പിക്കുക എന്നതും (ലൂക്കോ 5:14) ആചാരമാണ്. ''അതുകൊണ്ട് എന്റെ കൈവയ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം.'' (2 തിമോ 1:6) കൈവയ്പ് ആചാരമാണ്. വിശുദ്ധ പൗലോസ് നേർച്ച നേർന്നതും, തല മുണ്ഡനം ചെയ്തതും (അ. പ്ര. 18:18) ആചാരാനുഷ്ഠാനമാണ്. കുരുടന്റെ കണ്ണിൽ ചേറു പുരട്ടിയതും ശീലോഹാം കുളത്തിൽ പോയി കഴുകുക എന്നു കല്പിച്ചതും മാദ്ധ്യമങ്ങൾ വൈദിക രക്ഷാപദ്ധതിയിൽ പ്രസക്തമാണെന്ന് തെളിയിക്കുന്നു. ദീപവും ധൂപവും പൗരാണിക കാലം മുതൽ ആരാധനയ്ക്ക് ഉപയോഗിച്ചു വന്നിരിന്നു. (വെളി. 6:9-10). കർമ്മാനുഷ്ഠാനങ്ങളെയല്ല, തെററായി ജീവിച്ച വ്യക്തികളെയാണ് കർത്താവ് ആക്ഷേപിക്കുന്നത് (ലൂക്കോ. 11:42).

സഭയുടെ നോമ്പനുഷ്ഠാനങ്ങളിലും മററ് വിശ്വാസാചാര പാരമ്പര്യങ്ങളിലും സഭാംഗങ്ങൾ പരിപൂർണ്ണ ശ്രദ്ധയും തീക്ഷ്ണതയും കാണിക്കേണ്ടതാണ്.

★

ക്ക് ഉത്തരം കൊടുക്കുന്നതിന് ഈ വിശ്വാസപ്രമാണത്തിന് സാധിച്ചു. കർത്താവിന്റെ മനുഷ്യത്വത്തെ ചോദ്യം ചെയ്ത് നോസ്റ്റിക്ക് ഡോസറ്റിക്ക് വേദവിപരീതം കന്യകാ ജനനത്തെ ചോദ്യം ചെയ്ത ജൂ ബിയനിസം, യേശുക്രിസ്തു പിതാവിൽ നിന്ന് ജനിച്ചവനല്ല മറിച്ച് മാമോദീസാ സമയത്ത് പരിശുദ്ധ റൂഹാ ആവസിച്ചതുമൂലം പിതാവാം ദൈവം ക്രിസ്തുവിനെ സ്വപുത്രനായി ദത്ത് എടുത്തു എന്ന് വാദിച്ച തിയോഡോട്ടസിന്റെ ദത്തെടുക്കൽ വാദം (**Adoptionism**) തുടങ്ങിയ അനേകം വിശ്വാസ വൈപരീത്യങ്ങളെ അടിച്ചമർത്തുവാൻ നിഖ്യാ വിശ്വാസ പ്രമാണത്തിന് സാധിച്ചു.

നിഖ്യാ വിശ്വാസപ്രമാണത്തിന്റെ വളർച്ചയുടെ രണ്ടു ഘട്ടങ്ങൾ എ. ഡി. 325-ഉം; എ. ഡി. 381-ഉം ആണ് ഇന്ന് നാം ഉപയോഗിക്കുന്ന വിശ്വാസപ്രമാണം പ്രധാനമായും രണ്ടാമത്തേതാണ്. നിഖ്യായിലെ പിതാക്കന്മാരുടെ ഉപദേശങ്ങൾ അംഗീകരിക്കയും വിശദീകരിക്കുകയും മാത്രമാണ് കുസ്തന്തിനോപോലീസ് വിശ്വാസപ്രമാണം ചെയ്തത്. എ. ഡി. 341-ൽ കുസ്തന്തിനോസ് ചക്രവർത്തിയുടെയും മകന്റെയും പരിശ്രമത്താൽ പണിത ദേവാലയത്തിന്റെ പ്രതിഷ്ഠക്കായി പൗരസ്ത്യ ബിഷപ്പുമാർ സമ്മേളിച്ചപ്പോൾ നാലു വിശ്വാസ പ്രമാണങ്ങൾ അവതരിക്കപ്പെട്ടു. ''പ്രതിഷ്ഠാ വിശ്വാസപ്രമാണങ്ങൾ' എന്നാണ് ഇവ സഭാ ചരിത്രത്തിൽ അറിയപ്പെടുന്നത് എന്നാൽ നിഖ്യാ വിശ്വാസ പ്രമാണത്തിന്റെ പൂർണ്ണത ഇടയ്ക്ക് ഉണ്ടായിരുന്നില്ല.

ആയതിനാൽ ''സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടേയും'' എന്ന് പുരോഹിതൻ തുടങ്ങിവയ്ക്കുന്ന വിശ്വാസ പ്രഖ്യാപനം കൂടുതൽ ശക്തിയോടും കൂടുതൽ ആവേശത്തോടും ഉറപ്പിച്ച് പ്രഖ്യാപിക്കാം. നമ്മുടെ പിതാക്കന്മാർ പഠിപ്പിച്ചതും പതിനേഴു നൂററാണ്ടോളം കോടിക്കണക്കിനാളുകൾക്ക് ആശ്വാസവും പ്രത്യാശയും ഉത്തേജനവും നല്കിയതുമായ നിഖ്യാ വിശ്വാസ പ്രമാണം ലോകാവസാനത്തോളം വിശ്വസിക്കപ്പെടും.

**സജി വറുഗീസ്**
**അമയിൽ മാരാമൺ**

## ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്

ഹിന്ദു (ഈഴവ) സമുദായത്തിൽപ്പെട്ടിരുന്ന കല്ലിശ്ശേരിയിൽ പവ്വത്തിൽ പടിക്കൽ വീട്ടിൽ സോമനും ഭാര്യയും രണ്ടുമക്കളും നമ്മുടെ ഭദ്രാസനത്തിൽപ്പെട്ട ഉമയാററുകര സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് വി. മാമോദീസാ സ്വീകരിച്ച് ഓർത്തഡോക്സ് സഭയിലെ അംഗങ്ങളായി ചേർന്നിരിക്കുന്നു. അവർ യഥാക്രമം ഫീലിപ്പോസ്, സാറാ, റേച്ചൽ, ശേബാ എന്നീ പേരുകൾ സ്വീകരിച്ചു. അവരുടെ കുട്ടികളെ സണ്ടേസ്കൂളിലേക്കും സാറായെ മർത്തമറിയം സമാജത്തിലേക്കും ആദ്യമായി കൂട്ടിക്കൊണ്ടുവന്ന ഉമയാററുകര മർത്തമറിയം സമാജാംഗങ്ങൾക്ക് അഭിനന്ദനങ്ങൾ. അവരുടെ ഭവനത്തിൽ പലതവണ സന്ദർശിക്കുകയും യേശുക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ച് അവരെ പ്രബോധിപ്പിക്കുകയും ചെയ്തത് ഉമയാററൂകര സെന്റ് തോമസ് പള്ളിവികാരി റവ. ഫാ. ജോസ് പെരുമാളാണ്.



# ഭദ്രാസന വാർത്തകൾ

## മഹാകവി മാത്തൻ തരകൻ അന്തരിച്ചു.

വിശ്വദീപം മഹാകാവ്യം ഉൾപ്പെടെയുള്ള അമ്പതോളം മഹൽ ഗ്രന്ഥങ്ങളുടെ കർത്താവും പ്രഗത്ഭനായ പ്രഭാഷകനും പ്രസിദ്ധനായ അദ്ധ്യാപകനുമായിരുന്ന മഹാകവി പുത്തൻകാവ് മാത്തൻ തരകൻ സ്വവസതിയായ പത്തനംതിട്ടയിലുള്ള കലാമന്ദിരത്തിൽ വച്ച് നിര്യാതനായി. അദ്ദേഹത്തിന് 90 വയസ്സ് ഉണ്ടായിരുന്നു.

ശവസംസ്കാരം അദ്ദേഹത്തിന്റെ മാതൃ ഇടവകയായ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വൈദീകരുടെ കല്ലറകൾക്ക് സമീപം പ്രത്യേകം തയ്യാർ ചെയ്യപ്പെട്ട കല്ലറയിൽ നടത്തപ്പെട്ടു. കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന ശുശ്രൂഷകൾക്ക് അഭിവന്ദ്യരായ ഗീവറുഗീസ് മാർ ദീയസ്കോറോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ അത്താനാസിയോസ്, തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ററ് മാർ ഗ്രീഗോറിയോസ് എന്നിവർ നേതൃത്വം നൽകി. മന്ത്രിമാരായ ഉമ്മൻ ചാണ്ടി, ആർ. രാമചന്ദ്രൻ നായർ, മുൻകേന്ദ്രമന്ത്രി പി. ജെ. കുര്യൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചിരുന്നു. തദവസരത്തിൽ നടന്ന അനുശോചന യോഗത്തിൽ, ആർച്ച് ബിഷപ്പ് ഡോ. ബനഡിക്ററ് മാർ ഗ്രീഗോറിയോസ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, മന്ത്രി ആർ. രാമചന്ദ്രൻ നായർ, ശോഭനാ ജോർജ്ജ് എം. എൽ. എ, സാമുവൽ ചന്ദനപ്പള്ളി, ജോർജ്ജ് ഓണക്കൂർ എന്നിവർ പ്രസംഗിച്ചു.

## പൗരസ്ത്യ ആരാധനാ പഠന കോഴ്സ്

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ സോഫിയാ സെന്ററിലെ ഓറിയന്റേഷൻ ഇൻസ്റ്റിററ്യൂട്ടിൽ 1992 സെപ്ററംബർ മുതൽ 1993 ഫെബ്രുവരി വരെ രണ്ടാം ശനിയാഴ്ചകളിൽ പൗരസ്ത്യ ആരാധനാ പഠന കോഴ്സ് നടക്കുകയുണ്ടായി. രാവിലെ 9-30 മുതൽ വൈകിട്ട് നാലുമണി വരെ നടന്ന ക്ലാസ്സുകൾക്ക് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ഫാ. ററി. ജെ. ജോഷ്വാ, റവ. ഡോ. ബേബി വറുഗീസ്, റവ. ഡോ. ജേക്കബ് കുര്യൻ, ഫാ. സി. സി. ചെറിയാൻ, ഫാ. ററി. പി. ഏലിയാസ് എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി. ഫാ. എം. പി. ജോർജ്ജ് ഗാനപരിശീലനം നൽകി. പ്രസ്തുത കോഴ്സിൽ ചെങ്ങന്നൂർ ഭദ്രാസനത്തിൽ നിന്നും പങ്കെടുത്ത് സർട്ടിഫിക്കേററ് നേടിയവർ:- കുര്യൻ ബേബി (കോടുകുളഞ്ഞി) വിനോദ് ജോർജ്ജ് (ആറാട്ടുപുഴ) ജിബു ഫിലിപ്പ് (മംഗലം) വർഗീസ് ററി. മാത്യു (മംഗലം) ബിജു ററി. മാത്യു, ററി. സി. ചാണ്ടി (പുത്തൻകാവ്) മാത്യൂസ് കെ. ബർസൗമ (ഇടവങ്കാട്) ഇ. ജെ. മാമ്മൻ (ഉള്ളന്നൂർ) കുഞ്ഞുമോൻ (കുടശ്ശനാട്) സിസ്റ്റർമാരായ സെലിൻ, സോഫിയാ (സെന്റ് മേരീസ് കോൺവെന്റ്-നെല്ലിമല).

## ഭദ്രാസന വാർഷിക ക്യാമ്പ്

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസന വാർഷിക ക്യാമ്പ് ഓതറ സെൻറ് ജോർജ് ദയറായിൽ വച്ച് മാർച്ച് 13, 14 തീയതികളിൽ നടത്തപ്പെട്ടു. ഫാ. മാത്യു വറുഗീസിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉൽഘാടനം ചെയ്തു. ഫാ. ഗീവർഗീസ് കാഞ്ഞിക്കാവിൽ, വി. ഐ. തോമസ് എന്നിവർ പ്രസംഗിച്ചു. തുടർന്നു നടന്ന ധ്യാനത്തിന് ഡീ. നൈനാൻ വി. ജോർജ് നേതൃത്വം നൽകി. ഭദ്രാസന അസംബ്ലിയിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം ഹിക്കുകയും പ്രസ്ഥാനം പ്രസിഡൻറ് പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കുകയും ചെയ്തു. ഞായറാഴ്ച വി. കുർബ്ബാനയ്ക്കു ശേഷം ഡീ. ററി. വി. ജോയിക്കുട്ടി ക്ലാസ്സെടുത്തു. ക്വിസിന് സി. രാജൻ വറുഗീസ് നേതൃത്വം നൽകി. തോട്ടപ്പുഴ യൂണിററ് ഒന്നാം സ്ഥാനം നേടി ''കിഴക്കേത്തലയ്ക്കൽ കെ. ററി. തോമസ് സ്മാരക എവർറോളിംഗ് ട്രോഫി'' കരസ്ഥമാക്കി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ ഫാ. കുര്യൻ ദാനിയേൽ, ഡീ. ററി. ററി. തോമസ്, ഡീ. രാജൻ വറുഗീസ് എന്നിവർ പ്രസംഗിച്ചു. ജേക്കബ് ഉമ്മൻ സ്വാഗതവും ഗീവറുഗീസ് ജോൺ നന്ദിയും പറഞ്ഞു.

PH:4345

"ഓഹരികളിൽ നിങ്ങളുടെ
നിക്ഷേപങ്ങൾ സ്വരൂപിയ്ക്കുവിൻ"

**ZACHARIAS PANKAVANS**

**STOCK & SHARE BROKERS**

**MEMBER, COCHIN STOCK EXCHANGE LTD.**

**(BETHEL Jn:) CHENGANNUR**



## ഭവന ദാനം



ചെങ്ങന്നൂർ സെൻറ് ഇഗ്നേഷ്യസ് കത്തീഡ്രൽ ഇടവകയുടെ വകയായി നിർമ്മിച്ച് വാലുപറമ്പിൽ ശ്രീ. കെ. ജെ. ദാനിയേലിന് സംഭാവന ചെയ്ത ഭവനത്തിൻെറ കൂദാശാ കർമ്മവും തുടർന്ന് താക്കോൽ ദാനവും അഭി: തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.



സ്നേഹ
സ്മരണ

മഹാകവി
പുത്തൻകാവ്
മാത്തൻ തരകൻ

Regd. No. R. N. 44684/87    Regd. No. G/KL/TLA/71

BETHEL PATHRIKA

## ബാലികാസമാജം വാർഷിക ക്യാമ്പ്

പരുമല: ചെങ്ങന്നൂർ ഭദ്രാസന ബാലികാ സമാജം വാർഷിക ക്യാമ്പ് മെയ് 23 മുതൽ 27 വരെ പരുമല സെമിനാരിയിൽ നടക്കും. 23-നു അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

ഫാ. ജോബ്സൺ കോട്ടപ്പുറം, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. റ്റി. ജെ. തോമസ് എന്നിവർ ക്ലാസ്സെടുക്കും. ഫാ. ജോസ് തോമസ് ഫാ. പി. സി. തോമസ്, ഫാ. സി. പി. ചാക്കോ, ഗീവർഗീസ് ജോൺ, മറിയാമ്മ വർക്കി, കെ. ജി. സാറാമ്മ, ജെസി തോമസ് എന്നിവർ കോൺഫ്രൻസിനു നേതൃത്വം നൽകും.

★

## ഒ. വി. ബി. എസ്.

ബഥേൽ അരമനപ്പള്ളി ഇടവകയിലെ **O. V. B. S.** ക്ലാസ്സുകളുടെ സമാപന സമ്മേളനം ഫാ, വൈ. തോമസിന്റെ അദ്ധ്യക്ഷതയിൽ നടത്തി. ഫാ. ജോൺ പോൾ, പി. സി. ജോസഫ്, റ്റി. എം. വർഗീസ്, റ്റി. തോമസ് എന്നിവർ പ്രസംഗിച്ചു. ശ്രീമതി റന്നി തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. വികാരി ഫാ. മാത്യു വർഗീസ് സ്വാഗതവും ശ്രീ. കെ. എം. ജോർജ് നന്ദിയും പറഞ്ഞു.

★

മംഗലം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ **O V B S** ക്ലാസ്സുകൾ ഏപ്രിൽ 14 മുതൽ 27 വരെ നടന്നു. ഫാ. എബ്രഹാം സൈമണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം ഫാ. റ്റി. പി. ചാക്കോ ഉൽഘാടനം ചെയ്തു. പി. സി. ചെറിയാൻ, എം. ഇ. മത്തായി എന്നിവർ പ്രസംഗിച്ചു. രാവിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും വി. കുർബ്ബാന അനുഭവിച്ചു. റാലിയും കലാപരിപാടികളും ഉണ്ടായിരുന്നു.

★

വെണ്മണി സെന്റ് മേരീസ് ഇടവകയിലെ ഒ. വി. ബി. എസ്. ഏപ്രിൽ 13 ന് സമാപിച്ചു. വി. കുർബ്ബാനയ്ക്കുശേഷം വികാരി ഫാ. വൈ. തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ ഡീ. രാജൻ വർഗീസ് പ്രസംഗിച്ചു. ഡീ. വിൽസൺ മാത്യു ഗാന പരിശീലനത്തിനു നേതൃത്വം നൽകി. റജി സ്വാഗതവും ഇ. റ്റി. സാമുവൽ നന്ദിയും പറഞ്ഞു. കുട്ടികളുടെ കലാ പരിപാടികളും നടത്തപ്പെട്ടു.

★

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George